കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

പത്തനാപുരം ഗ്രാമപഞ്ചായത്ത്
ഓഡിറ്റ് റിപ്പോർട്ട്
2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-11-1253 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

തീയതി, 06/07/2017

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് / സെക്രട്ടറി മുഖേന
പത്തനാപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പത്തനാപുരം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-2, 2-4, 2-5 എന്നീ ഖണ്ഡികളിലേയ്ക്കും ഭാഗം 3ലെ 3-6 ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-കെ.എൽ.എം-പി-11/1253 /2017 തീയതി:06/07/2017

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**).**

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-01-2017 മുതൽ 15-06-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണ- ക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	:	ശ്രീമതി.ഗീത.എം.	
		ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	:	16-06-2017 മുതൽ 29-06-2017 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	:	ശ്രീ.സജികുമാർ.ജി	ഓഡിറ്റ് ഓഫീസർ
		ശ്രീമതി.സിജാറാണി.എസ്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
		ശ്രീ.വി.എസ്.അനീഷ്.	സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.നജീബ് മുഹമ്മദ്.എച്ച്	01-04-2016 മുതൽ 31-03-2017 വരെ
സെക്രട്ടറി	ശ്രീമതി.കെ.ജി.ലീനകുമാരി, അസിസ്റ്റന്റ് സെക്രട്ടറി	01-04-2016 മുതൽ 16-08-2016 വരെ
	(സെക്രട്ടറിയുടെ ചാർജ്ജ്)	
	ശ്രീ.ശരത്ചന്ദ്രൻ	17-08-2016 മുതൽ 25-08-2016 വരെ
	ശ്രീ.ബൽജിത് ജീവൻ	26-08-2016 മുതൽ 18-10-2016 വരെ
	ശ്രീമതി.കെ.ജി.ലീനകുമാരി, അസിസ്റ്റന്റ് സെക്രട്ടറി	19-10-2016മുതൽ 27-10-2016 വരെ
	(സെക്രട്ടറിയുടെ ചാർജ്ജ്)	
	ശ്രീ.ബൽജിത് ജീവൻ	28-10-2016 മുതൽ 16-01-2017 വരെ
	ശ്രീമതി.കെ.ജി.ലീനകുമാരി, അസിസ്റ്റന്റ് സെക്രട്ടറി	17-01-2017 മുതൽ 27-01-2017വരെ
	(സെക്രട്ടറിയുടെ ചാർജ്ജ്)	
	ശ്രീ.ബൽജിത് ജീവൻ	27-01-2017 മുതൽ 09-02-2017 വരെ
	ശ്രീ.എം.വിജയൻ	09-02-2017 മുതൽ 31-03-2017 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീമതി.കെ.ജി.ലീനാകുമാരി	01-04-2016 മുതൽ 31-03-2017 വരെ

അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീമതി.ബീനാനാരായണൻ	01-04-2016 മുതൽ 30-09-2016 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീമതി.രശ്മി.പി.നായർ	30-09-2016 മുതൽ 31-03-2017 വരെ
വി.ഇ.ഒ	ശ്രീമതി.രജനി.പി.എസ്	01-04-2016 മുതൽ 06-02-2017 വരെ
വി.ഇ.ഒ	ശ്രീ.സന്തോഷ് ജോസഫ്	01-04-2016 മുതൽ 31-03-2017 വരെ
വെറ്ററനറി സർജൻ	ഡോ.ഉമ്മൻ.പി.രാജ്	01-04-2016 മുതൽ 31-03-2017 വരെ
കൃഷി ഓഫീസർ	ശ്രീ.സുനിൽ	01-04-2016 മുതൽ 22-09-2016 വരെ
	ശ്രീ.വേണുഗോപാൽ.വി	22-09-2016 മുതൽ 31-03-2017 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി.പ്രഭാകാന്തി	01-04-2016മുതൽ 31-03-2017 വരെ
മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പത്തനാപുരം	ഡോ.വിപിൻ.ജെ.പ്രദീപ്	01-04-2016 മുതൽ 13-07-2016 വരെ
	ഡോ.വികാസ്	13-07-2016 മുതൽ 31-03-2017 വരെ
മെഡിക്കൽ ഓഫീസർ ഹോമിയോ	ഡോ.കെ.എസ്.ജയകുമാർ	01-04-2016 മുതൽ 30-11-2016 വരെ

	ഡോ.പ്രീതാ നായർ	30-11-2016 മുതൽ 17-01-2017 വരെ
	ഡോ.അബ്ദുൾ മസാനി	17-01-2017 മുതൽ 31-03-2017 വരെ
ഹെഡ് മിസ്ട്രസ്സ്	ശ്രീമതി.ഫാത്തിമാ ബീബി	01-04-2016 മുതൽ 03-07-2016വരെ
ഹെഡ് മിസ്ട്രസ്സ്	ശ്രീമതി.ജെസിയമ്മ.ജെ	04-07-2016 മുതൽ 31-03-2017 വരെ

<u>ഉള്ളടക്കം</u>

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തനത് വരുമാനം	1-7
8	ക്ഷേമ പദ്ധതികൾ	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തര നിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
	ഭാഗം -2	
12	ഇ ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല	2-1
13	ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ ശേഷം ലേല വ്യവസ്ഥകളിൽ പഞ്ചായത്ത് കമ്മിറ്റി ഇളവ് നൽകി- ക്രമവിരുദ്ധ നടപടി	2-2
14	തൊഴിൽ നികുതി ഈടാക്കിയില്ല	2-3
15	രസീത് പരിശോധന - ശ്രദ്ധയിൽപെട്ട അപാകതകൾ	2-4

16	ലേല നിബന്ധന പ്രകാരമുള്ള പലിശ ഈടാക്കിയില്ല 19825/-രൂപ നഷ്ടം	2-5
17	കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം 150 ച.മി കവിഞ്ഞ കെട്ടിടങ്ങൾക്കും പെർമിറ്റ് ഫീസ് നിരക്കിൽ ഇളവ് നല്കി -551/- രൂപ വരവ് നഷ്ടം	2-6
18	വസ്തു നികുതി നിർണ്ണയിച്ചതിൽ 3275/- രൂപയുടെ കുറവ്	2-7
19	ഷോപ്പിംഗ് കോംപ്ലക്സിലെ വാടക 192666/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു	2-8
	ഭാഗം -3	
20	ഗുണഭോക്തൃസമിതികൾ വഴി നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല	3-1
21	ഉദ്ഘാടന യോഗങ്ങൾക്ക് അധികം ചെലവഴിച്ച തുക 42374/- രൂപ നിരാകരിക്കുന്നു	3-2
22	പട്ടികജാതി ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണ ഭിത്തി നിർമ്മാണം നിർവ്വഹണത്തിലെ അപാകതകൾ മൂലം 2015268/-രൂപ തടസ്സപ്പെടുത്തുന്നു	3-3
23	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – 13,43,000/- രൂപ തടസ്സപ്പെടുത്തുന്നു	3-4
24	സ്റ്റുഡൻസ് പോലീസിനു ധനസഹായം (223/17) - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, തനത് ഫണ്ടിനു പകരം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു - 50,000/ രൂപാ തടസ്സപ്പെടുത്തുന്നു	3-5
25	ഷോപ്പിംഗ് കോപ്ലക്സ് അടിസ്ഥാന സൗകര്യ വികസനം (58/17)- അപാകതകൾ- 4,95,000/- രൂപ തടസ്സപ്പെടുത്തുന്നു	3-6
26	എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ – പദ്ധതി നടത്തിപ്പിലെ അപാകതകൾ - 49898/- രൂപ തടസ്സപ്പെടുത്തുന്നു	3-7
27	വിവിധ പദ്ധതികളിൽ ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റി – നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - 2,05,000/- രൂപ തടസ്സപ്പെടുത്തുന്നു	3-8
28	ഭവനപുനരുദ്ധാരണം-സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചു-25000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	3-9
29	സർക്കാർ നിജപ്പെടുത്തിയിരുന്ന നിരക്കിൽ നിന്നും അധികരിച്ച് വില നൽകി -പഞ്ചായത്ത് ഫണ്ടിന് 25790/-രൂപ നഷ്ടം	3-10

30	ഗുണഭോക്തൃ വിഹിതം ഈടാക്കിയത് ഒടുക്ക് വരുത്തിയിട്ടില്ല	3-11
31	വിനിയോഗ വിവരമില്ല-ചെലവ് തുക 191780/-രൂപ തടസ്സപ്പെടുത്തുന്നു	3-12
32	പാലിന് സബ്സിഡി നൽകിയത് ഏകീകൃത നിരക്കിലല്ല -ചെലവ് തുക 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു	3-13
33	പഞ്ചായത്തിന്റെ രേഖകളിലുൾപ്പെടാത്ത വാട്ടർ ടാപ്പിന് ചാർജ്ജ് ഈടാക്കുന്നു	3-14
34	മഴക്കാല പൂർവ്വ ശുചീകരണം ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – ചെലവ് തുക 180000/-രൂപ തടസ്സപ്പെടുത്തുന്നു	3-15
35	ശമ്പള കുടിശ്ശികയിനത്തിൽ അധികം നൽകി-8466/-രൂപയുടെ അധിക ചെലവ്	3-16
36	സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിട്ടറി നാപ്കിൻ എന്ന പദ്ധതി നാളിതു വരെ നടപ്പിലാക്കിയിട്ടില്ല – ചെലവ് തുക 63000/-രൂപ തടസ്സപ്പെടുത്തുന്നു.	3-17
37	മരുന്ന് വിതരണത്തിനായി തുക മുൻകൂറായി ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല – ചെലവ് തുക 575000/-രൂപ തടസ്സപ്പെടുത്തുന്നു	
	ഭാഗം -4	
38	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
39	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
40	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
41	വായ്പ/ വായ്പ തിരിച്ചടവ്	4-4
42	സ്ഥിര നിക്ഷേപങ്ങൾ	4-5
43	ഓഡിറ്റ് റിക്കവറി	4-6
44	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
45	ഓഡിറ്റ് പ്രത്യവലോകനം	4-8
46	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9
47	ഓഡിറ്റ് സർട്ടിഫിക്കറ്റ്	4-10

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29-02-2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി

31-07-2017	16-06-2017		-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2016-17	16-06-2017	ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

1)ബാലൻസ് ഷീറ്റിൽ -ഷെഡ്യൂൾ ബി-4-ൽ ICDS -കോന്ദ്രാവിഷ്കൃത ഫണ്ടിൽ 77175/-രൂപ ബാധ്യത കൂടുതലായി ഉൾപ്പെടുത്തിയിരിക്കുന്നു.

2)ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-12 ഇൻവെസ്റ്റ്മന്റിൽ ഫിക്സ്ഡ് ഡെപ്പോസിറ്റ് തുക ഉൾപ്പെടുത്തിയിട്ടില്ല.

3)ഷെഡ്യൂൾ RP-7 തൊഴിൽ രഹിത വേതന തുകയിൽ ചെലവ് കൂടുതലായി ഉൾപ്പെടുത്തിയിരിക്കുന്നു.

4)വസ്തു നികുതി വരവ്-സഞ്ചയ സോഫ്റ്റ്വെയർ കൃത്യമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിലാൽ ബാലൻസ് ഷീറ്റിൽ ഉൽപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	32218565
വരവ്	76158049
ആകെ	108376614
ചെലവ്	66202096
നീക്കിബാക്കി	42174518

മുൻ വർഷത്തിലെ വാർഷിക ധനകാര്യ പത്രികയിലെ നീക്കിബാക്കിയിലുള്ള അപാകത പരിഹരിച്ചിരിക്കുന്നതിനാൽ മുൻ റിപ്പോർട്ട് പ്രകാരമുള്ള

നീക്കിബാക്കിയുമായി 16-17 സാമ്പത്തിക വർഷത്തെ മുൻബാക്കി തുക പൊരുത്തപ്പെടുന്നില്ല.

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസന ഫണ്ട് പൊതു വിഭാഗം	ഇല്ല	13590816	13590816	13590816	ഇല്ല	100
വികസന ഫണ്ട് എസ്.സി.പി.	ഇല്ല	5819314	5819314	5819314	ഇല്ല	100
വികസന ഫണ്ട് ടി.എസ്.പി.	ഇല്ല	0	0	0	ഇല്ല	100
സംരക്ഷണ ഗ്രാന്റ് (റോഡ്)	ഇല്ല	8096762	8096762	8096762	ഇല്ല	100
സംരക്ഷണഗ്രാന്റ് നോൺറോഡ്	ഇല്ല	3567757	3567757	3567757	ഇല്ല	100
14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ഇല്ല	7320081	7320081	7320081	ഇല്ല	100
പെർഫോമൻസ് ഗ്രാന്റ്	ഇല്ല	850108	850108	850108	ഇല്ല	100
എം.എൻ.ആർ. ഇ.ജി.എസ്.	2234	1132996	1135230	1040157	95073	92
ബി ഫണ്ട്	ഇല്ല	358200	358200	358200	ഇല്ല	100

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
213	113637849	127	47116190	15	71	65

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 17 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻ വർഷം	തൻ വർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	8737500	9793362	1055862	12
നികുതിയേതര വരവുകൾ	7022837	8257907	1235070	18
മറ്റ് വരവുകൾ	9383335	11349461	1966126	21
ആകെ	25143672	29400730	4257058	17

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	238200	261
കർഷക തൊഴിലാളി പെൻഷൻ	4154530	458
വിധവാ പെൻഷൻ	13630565	1257
വാർദ്ധക്യകാല പെൻഷൻ	27592545	1903
വികലാംഗ പെൻഷൻ	3407245	303
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ	143320	15
വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം	120000	4

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-06-2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

തനത് ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ജനറൽ കമ്മിറ്റി ക്രമ പ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കമ്പൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് വക വാഹനങ്ങളിൽ ഇന്ധന ക്ഷമതാ പരിശോധന യഥാസമയം നടത്തിയിട്ടില്ല. ഇന്ധന ഉപയോഗം സംബന്ധിച്ച മാസാന്ത്യ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി വരുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ട്രഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	11-05-2017	03/2017	ഇല്ല
അക്കൗണ്ടന്റ് ജനറലിന്റെ	10-01-2017 മുതൽ 21-01-2017 വരെ	2011-12 മുതൽ	ഇല്ല

ഓഡിറ്റ്		2015-16 വരെ	

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഇ ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില, വാറ്റ് എന്നീ ഇനങ്ങളിൽ ലഭിച്ച തുക കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക പത്തനാപുരം പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (4/20-06-2017) ടി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലായെന്നും ആയതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി.

ടെണ്ടർ ഫാറം വില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള തുക പത്തനാപുരം ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതും, വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്.

2-2 ലേലം താൽകാലികമായി സ്ഥിരപ്പെടുത്തിയ ശേഷം ലേല വ്യവസ്ഥകളിൽ പഞ്ചായത്ത് കമ്മിറ്റി ക്രമ വിരുദ്ധമായി ഇളവ് നൽകി -801000/- രൂപ ഈടാക്കാനവശേഷിക്കുന്നു

ലേലം പൂർത്തിയാക്കിയ ശേഷം ലേല വ്യവസ്ഥകളിൽ പഞ്ചായത്ത് കമ്മിറ്റി ഇളവ് നൽകിയത് കാരണം 801000/- രൂപ ഈടാക്കാൻ കഴിഞ്ഞില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

2016-17 സാമ്പത്തിക വർഷം അംഗീകൃത സ്ലോട്ടർ ഹൗസിൽ ആട് -മാടുകളെ കൊണ്ട് പോയി കശാപ്പ് ചെയ്തതിന് ശേഷം പത്തനാപുരം പഞ്ചായത്ത് വക മാർക്കറ്റിലെ സ്റ്റാളുകളിൽ കൊണ്ട് വന്ന് വില്പന ചെയ്യുന്നതിനുള്ള അവകാശം 28/03/2016 ൽ ലേലം ചെയ്യുകയുണ്ടായി. 17/03/2016 ലെ എ2/151/2016 നമ്പർ ലേല പരസ്യത്തിലെ നിബന്ധന പ്രകാരം 50000/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കണ്ടതും, ലേലം പഞ്ചായത്ത് അംഗീകരിക്കുന്ന ദിവസം തന്നെ മുഴുവൻ തുകയും ഒടുക്ക് വരുത്തേണ്ടതും ലേലം കൊള്ളുന്ന വ്യക്തി മുഴുവൻ തുകയും ഒടുക്ക് വരുത്തിയില്ലയെങ്കിൽ തൊട്ടടുത്ത ലേലക്കാരിൽ ആരാണോ തുക ഒടുക്കുന്നത് അവർക്ക് ലേലം ഉറപ്പിച്ച് നൽകേണ്ടതുമാണ്.

28/03/2016-ലെ ലേല ഡയറി പ്രകാരം ശ്രീ. റഷീദ്. ഷിബിൻ മൻസിൽ എന്നയാൾ(ക്രമ നമ്പർ 6) 18,00,000/- രൂപയും ശ്രീ മുഹമ്മദ് കാസിം, ഇരട്ടതെങ്ങ് വിള വീട്, എന്നയാൾ(ക്രമ നമ്പർ 10) 17,50,000/- വിളിച്ചിട്ടുണ്ട്. എന്നാൽ 29-03-2016-ലെ 1(1) നമ്പർ തീരുമാന പ്രകാരം ശ്രീ.അബ്ദുൾ കരിം, കാരമ്മൂട്ടിൽ പുരയിടം എന്ന വ്യക്തിക്ക് 18,01,000/-രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകുവാൻ തീരുമാനിക്കുകയും ലേല തുക മൂന്ന് തവണയായി അടയ്ക്കാൻ ടിയാന് അനുമതിയും നൽകുകയും ചെയ്തു.

മേൽ തീരുമാനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ)ലേല നിബന്ധനയിൽ മുഴുവൻ തുകയും കരാർ തീയതിയിൽത്തന്നെ അടയ്ക്കണമെന്നിരിക്കെ ലേലം നടത്തിയതിന് ശേഷം ലേല നിബന്ധനയിൽ ഇളവ് വരുത്തി. ആയതിനാൽ 28-03-2016-ലെ 11501109814 നമ്പർ രസീതി പ്രകാരം 50,000/-രൂപ നിരതദ്രവ്യവും 28-03-2016-ലെ 11501109813 നമ്പർ രസീതി പ്രകാരം 9,50,000/-രൂപയും ഉൾപ്പെടെ ആകെ 10,00,000/-രൂപ അടവാക്കിയ ശ്രീ.അബ്ദുൾ കരിമിന്റെ പേരിൽ നിയമാനുസൃതമല്ലാത്ത രീതിയിലൂടെ ലേല വ്യവസ്ഥകളിൽ ഇളവ് നൽകി ലേലം

സ്ഥിരപ്പെടുത്തി. ടിയാൻ മുഴുവൻ തുകയും ഒടുക്കാത്ത സാഹചര്യത്തിലും സോൾവെൻസി സർട്ടിഫിക്കറ്റ് ടിയാനിൽ നിന്നും വാങ്ങാതെ ലേലം ഉറപ്പിച്ചു നൽകി.

ബി) ലേല ഡയറി പ്രകാരം നിരതദ്രവ്യമായ 50,000/-രൂപ ഒടുക്കിയതൊഴിച്ചാൽ യാതൊരു തുകയും വിളിക്കാത്ത ശ്രീ.അബ്ദുൾ കരീമിന് ലേലംവിളി പൂർത്തിയായ ശേഷം തീയതിയോ വ്യക്തമായ തുകയോ രേഖപ്പെടുത്താത്ത കത്തിന്റെ അടിസ്ഥാനത്തിൽ ലേലം ഉറപ്പിച്ചു നൽകി. മേൽ കത്ത് മുദ്ര വച്ച കവറിലെ കവട്ടേഷനാണോ എന്നത് ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) ലേല ഡയറി പ്രകാരം കൂടുതൽ തുക വിളിച്ച റഷീദ്, ഷിബിൻ മൻസിൽ എന്ന വ്യക്തിയുടെ നിരതദ്രവ്യ തുക(50000/-രൂപ) ടിയാൻ വിളിച്ച ലേലതുക ഒടുക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതായി കാണുന്നില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (20/28-06-2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

ലേല നിബന്ധനകളിൽ നിയമാനുസൃതമല്ലാത്ത നടപടികളിലൂടെ ഇളവ് വരുത്തിയതുമൂലം 801000/-രൂപ നാളിതുവരെ പഞ്ചായത്തിന് ഈടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത തീരുമാനത്തിൽ പങ്കാളികളായ സെക്രട്ടറിയുടേയും 16 മെമ്പർമാരുടേയും ബാദ്ധ്യതയായി കണക്കാക്കുന്നു. നഷ്ടത്തുക തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-3 തൊഴിൽ നികുതി ഈടാക്കിയില്ല

പത്തനാപുരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>എ. ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതിൽ 3750/- രൂപ കുറവ്</u>

മൗണ്ട് ടബൂർ ഹൈസ്കൂൾ പത്തനാപുരം എന്ന സ്ഥാപനത്തിലെ 2016-17 ഒന്നാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതിയായി 77013/- രൂപ 07/10/2016 ലെ 1104518 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിലെ തൊഴിൽ നികുതി നിർണയ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ തൊഴിൽ നികുതി ഒടുക്കാത്തതുമായ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ. നം.	പേര്	തസ്തിക	കൈപ്പറ്റിയ അർദ്ധവർഷ വരുമാനം	തൊഴിൽ നികുതി
1	വിജി.പി.ആർ	യു.പി.എസ്.എ	250635	1250
2	ബിജി സാറ കോശി	യു.പി.എസ്.എ	298158	1250
3	ലിബി ജേക്കബ്	യു.പി.എസ്.എ	210273	1250
	ആകെ			3750

ബി. <u>ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ</u>

ക്രമ നം	സ്ഥാപനം	അർദ്ധ വർഷം

1	അൽ അമീൻ പബ്ലിക് സ്കൂൾ	രണ്ടാം അർദ്ധ വർഷം
2	മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് (രണ്ടാം ശാഖ)	രണ്ടാം അർദ്ധ വർഷം
3	ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ്	രണ്ടാം അർദ്ധ വർഷം
4	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ്	രണ്ടാം അർദ്ധ വർഷം
5	തെക്കേടത്ത് കണ്ണ് ആശുപത്രി	രണ്ടാം അർദ്ധ വർഷം

ബി. <u>സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ</u>

ക്രമ നം	സ്ഥാപനം	അർദ്ധ വർഷം
1	ഔഷധി ഫാർമസ്യൂട്ടിക്കൽസ്	ഒന്ന്, രണ്ട് അർദ്ധ വർഷം
2	മാവേലി സ്റ്റോർ	രണ്ടാം അർദ്ധ വർഷം
3	ബി.എസ്.എൻ. എൽ	ഒന്ന്, രണ്ട് അർദ്ധ വർഷം
4	മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്	ഒന്ന്, രണ്ട് അർദ്ധ വർഷം
5	മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് (രണ്ടാം ശാഖ)	ഒന്ന്, രണ്ട് അർദ്ധ വർഷം

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2-4 17/01/2017 മുതൽ 16/06/2017 വരെയുള്ള രസീത് പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ-

1. <u>പിരിച്ചെടുത്ത 86762/- രൂപ ബാങ്ക് അക്കൗണ്ടിൽ അടവാക്കാതെ ഒരു മാസം കൈയ്യിൽ സൂക്ഷിച്ചു</u>

23/02/2017ൽ രസീത് പിരിവിനത്തിൽ സ്വീകരിച്ച 86762/- രൂപ ഒരു മാസം കഴിഞ്ഞ് 24/03/2017ൽ മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ അടവാക്കിയത്. തുക അടവാക്കാതിരുന്നതിനുള്ള കാരണം വിശദീകരിക്കേണ്ടതും സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിയൊരുക്കുന്ന ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരുക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതുമാണ്.

2. <u>ഡിമാന്റ് പരിശോധിക്കാതെ വസ്തു നികുതി ഈടാക്കി - 18619/- രൂപയുടെ വരവ് നഷ്ടം</u>.

03/06/2017 ൽ വസ്തു നികുതി സ്വീകരിച്ചപ്പോൾ സഞ്ചയ/ഡിമാന്റ് നോട്ടീസ് എന്നിവ പരിശോധിക്കാതെ തുക സ്വീകരിച്ചത് മൂലം 18619/-രൂപയുടെ കുറവ് വന്നിട്ടുണ്ട്.ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം	സഞ്ചയ/ഡിമാന്റ് നോട്ടീസ്	നികുതി ഈടാക്കിയ	ഈടാക്കി-യതിൽ കുറവ്	ബുക്ക് നം, രസീത്

		വർഷം	വസ്തു നികുതി	പലിശ	ആകെ			നം & തീയതി
1	X/441	2013-14 2014-15 2015-16 2016-17	3124	713	3837	781	3056	12257/12 03-06-17
2	X/440	2013-14 2014-15 2015-16 2016-17	2612	596	3208	653	2555	12257/13 03-06-17
3	X/439	2013-14 2014-15 2015-16 2016-17	2384	544	2928	596	2332	12257/14 03-06-17
4	X/171	2013-14 2014-15 2016-17	207	51	258	207	51	12257/15 03-06-17
5	X/170	2013-14 2014-15 2016-17	207	51	258	207	51	12257/16 03-06-17
6	X/169	2013-14 2014-15 2015-16	207	59	266	207	59	12257/17 03-06-17
7	X/168	2013-14 2014-15 2015-16	207	59	266	207	59	12257/18 03-06-17

8	X/167	2013-14 2014-15 2015-16	207	59	266	207	59	12257/19 03-06-17
9	X/166	2013-14 2014-15 2016-17	207	51	258	207	51	12257/20 03-06-17
10	X/165	2013-14 2014-15 2016-17	207	51	258	207	51	12257/21 03-06-17
11	X/164	2013-14 2014-15 2016-17	207	51	258	207	51	12257/22 03-06-17
12	X/172	2013-14 2014-15 2015-16	35856	10244	46100	35856	10244	12257/24 03-06-17
		ആകെ					18619	

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക്(13/27-06-2017) മറുപടി ലഭ്യമാക്കിയില്ല. നഷ്ടത്തുക നികുതി ദായകരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-5 ലേല നിബന്ധനപ്രകാരമുള്ള 19825/-രൂപയ്ക്ക് പലിശ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2016-17 സാമ്പത്തിക വർഷം മത്സ്യ മാർക്കറ്റ് നടത്തുന്നതിനുള്ള അവകാശം 15 ലക്ഷം രൂപയ്ക്ക് 03/03/2016-ൽ നടന്ന ലേലം, 05/03/2016 ലെ 1(5) പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ശ്രീ. റഷീദ് അലിക്ക് ലഭിക്കുകയും 16/3/2016-ൽ കരാർപത്രം സമർപ്പിക്കുകയും ചെയ്തു. ലേല തുകയുടെ 75% കരാറിലേർപ്പെടുന്ന തീയതിയിൽ അടവാക്കേണ്ടതാണെന്നും, ബാക്കി 25% തുക 30/09/2016-ൽ അടവാക്കേണ്ടതാണെന്നും, 75% തുക കരാറിലേർപ്പെടുന്ന തീയതിയിൽ അടവാക്കി- യില്ലെങ്കിൽ ലേലം റദ്ദാക്കുന്നതാണെന്നും, ബാക്കി 25% തുക 30/09/2016 ൽ അടവാക്കിയില്ലെങ്കിൽ 18% പലിശ ഈടാക്കുന്നതാണെന്നും ലേല നിബന്ധനകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ.റഷീദ് അലി, 16/03/2016 നകം 11.25ലക്ഷം രൂപയും, 30/09/2016 ബാക്കി തുക പൂർണ്ണമായും അടയ്ക്കണമായിരുന്നെങ്കിലും, മേൽ തീയതികളിൽ യഥാക്രമം 5 ലക്ഷം, 2 ലക്ഷം രൂപ വീതം ആകെ 7 ലക്ഷം രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. 18/02/2017 ടിയാൻ മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടെങ്കിലും, കാലാവധിയ്ക്കു

ശേഷം അടവാക്കിയ തുകയ്ക്ക്(8 ലക്ഷം രൂപ) ലേല നിബന്ധന പ്രകാരം വ്യവസ്ഥ ചെയ്തതനുസരിച്ച്, പലിശ ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പണം ഒടുക്കിയ തീയതി	തുക	കാല താമസം	ഈടാക്കേണ്ടിയിരുന്ന പലിശ
04/10/2016	100000	4	197
19/10/2016	100000	19	937
31/10/2016	100000	31	1529
24/11/2016	100000	24	1184
13/12/2016	100000	43	2121
31/12/2016	100000	61	3008
18/02/2017	200000	110	10849
ആകെ	800000		19825

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (17/27-06-2017) മറുപടി ലഭ്യമാക്കിയില്ല. 19825/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2-6 കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം 150 ച.മി കവിഞ്ഞ കെട്ടിടങ്ങൾക്കും പെർമിറ്റ് ഫീസ് നിരക്കിലെ ഇളവ് നല്കി 551/- രൂപ വരവ് നഷ്ടം

കാറ്റഗറി 1 വിഭാഗത്തിൽ ഉൾപെട്ട പഞ്ചായത്തുകളിലെ 150 ചതുരശ്ര മീറ്ററിൽ താഴെ തറ വിസ്തീർണം ഉള്ള ഗ്രൂപ്പ് എ ഒക്കുപ്പെൻസികൾക്ക് KPBR ചട്ടം 11(3) പട്ടിക 2 കുറിപ്പ് 1 പ്രകാരം അനുവദിച്ചിട്ടുള്ള പെർമിറ്റ് ഫീസ് നിരക്കിലെ ഇളവ് നിലവിലുള്ളതും, നിർദ്ദിഷ്ടവുമായ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം 150 ച.മി കവിഞ്ഞ കെട്ടിടങ്ങൾക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പേര്	പെർമിറ്റ് നമ്പർ (KPBR)	തീയതി	നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം	ഈടാക്കിയ പെർമിറ്റ് ഫീസ്	ഈടാക്കേണ്ട പെർമിറ്റ് ഫീസ്	കുറവ്
അബൂബക്കർ തെരുവിൽ ചരുവിള	848/16-17	18/03/2017	170.6 (37+133.6)	334	668	334
മഞ്ചുള, സരസ്വതി വിലാസം	875/16-17	19/01/2017	194 (107+87)	218	435	217

ആകെ						551

വരവിൽ കുറവ് വന്ന 551/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2-7 വസ്തുനികുതി നിർണയിച്ചതിൽ 3275/- രൂപയുടെ കുറവ്

2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നടത്തിയ വസ്തു നികുതി നിർണ്ണയങ്ങളിൽ അനുവദനീയമല്ലാത്ത ഇളവുകൾ അനുവദിച്ചതിലൂടെ 3275/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) <u>വഴി സൗകര്യത്തിന് ആനുപാതികമായ വർദ്ധനവ് വരുത്തിയില്ല</u>

5 മീറ്ററിലധികം വീതിയുള്ള റോഡുകളിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2, ക്രമ നമ്പർ 4 ൽ അനുശാസിക്കുന്ന 20% നികുതി വർദ്ധന വരുത്തേണ്ടതാണ്. ചട്ടം 6 പട്ടിക 2 കുറിപ്പ് (1) പ്രകാരം ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ടു തരം റോഡുകളുണ്ടായിരിക്കുകയും അവയിൽ ഒരു റോഡിൽ നിന്നു മാത്രം കെട്ടിടത്തിലേക്ക് പ്രവേശന മാർഗ്ഗം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്ന സംഗതിയിൽ അവയിൽ പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. ചട്ടം 6 പട്ടിക 2 കുറിപ്പ് (2) പ്രകാരം ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്ന് 10 മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ പൊതു നടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമായിട്ടുള്ള സംഗതിയിൽ പ്രധാന റോഡിൽ നിന്ന് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. മേൽ വ്യവസ്ഥകൾ പാലിക്കാതിരുന്നതുമൂലം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധന വരുത്തുന്നതിൽ നിന്നും ഒഴിവായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പരും മറ്റ് വിശദാംശങ്ങളും	വഴി സൗകര്യത്തിന്റെ വിശദാംശം (പ്ലാൻ പ്രകാരം)	വസ്തു നികുതി നിർണയിച്ച രീതി	വസ്തു നികുതി നിർണയിക്കേണ്ട രീതി	വ്യത്യാസം
1	XIX/650 അബിലാഷ് പി.സി പുത്തൻ പുരയ്ക്കൽ (പാർപ്പിട കെട്ടിടം) വിസ്തീർണം-215.64 ച.മീ (6/-രൂപ നിരക്കിൽ)	പ്ലോട്ട് മൂവാറ്റുപുഴ-പുനലൂർ സംസ്ഥാന ഹൈവേയുമായി അതിരിടുകയും 10 മീറ്ററിൽ താഴെ ദൂരത്തിൽ ഇടത്തറ – ശാസ്താംകാവ് റോഡിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി= 1294 പ്രഥമമേഖല = 00 വഴി സൗകര്യം = 00 1294 ലൈ.സെസ് = 65 ആകെ = 1359	അടിസ്ഥാന നികുതി = 1294 പ്രഥമ മേഖല = 00 വഴി സൗകര്യം = 259 1553 ലൈ.സെസ് = 78 ആകെ = 1631	272
2	II/352 ഷഫീക്ക്,കമ്പിക്കൽ (പാർപ്പിട കെട്ടിടം) വിസ്തീർണ്ണം -226.7 ച.മീ (6/-രൂപ നിരക്കിൽ)	പത്തനാപുരം – പുങ്കുളഞ്ഞി റോഡിൽ (6.50 മീറ്റർ വീതി) നിന്നും പ്രവേശനം	അടിസ്ഥാന നികുതി = 1360 ത്രിതീയ മേഖല = (-) 272 വഴി സൗകര്യം = 00 1088	അടിസ്ഥാന നികുതി = 1360 ത്രിതീയ മേഖല = (-) 272 വഴി സൗകര്യം = 272 1360	285

			ലൈ.സെസ്
= 55 ആകെ = 1143	ലൈ.സെസ്
= 68 ആകെ = 1428	
3	IX/858 സുനു മത്തായി സുനു ഭവനം (പാർപ്പിട കെട്ടിടം) വിസ്തീർണ്ണം-190.42 ച.മീ (6/-രൂപ നിരക്കിൽ)	കംപ്ലീഷൻ പ്ലാൻ പ്രകാരം 5.7 മീറ്റർ വീതിയുള്ള റോഡിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി
= 1143 പ്രഥമ മേഖല
= 00 വഴി സൗകര്യം
= 00 1143 ലൈ.സെസ്
= 58 ആകെ = 1201	അടിസ്ഥാന നികുതി = 1143 പ്രഥമ മേഖല
= 00 വഴി സൗകര്യം = 229 1372 ലൈ.സെസ്
= 69 ആകെ 1441	240
4	V/517 രഞ്ജിത്ത് ഗണേശകൃപ (പാർപ്പിട കെട്ടിടം) വിസ്തീർണം-122 ച.മീ (6/-രൂപ നിരക്കിൽ)	കംപ്ലീഷൻ പ്ലാൻ പ്രകാരം 6.00 മീറ്റർ വീതിയുള്ള കുരിശുംമൂട് -മൃഗാശുപത്രി റോഡിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി = 732 പ്രഥമ മേഖല
= 00 വഴി സൗകര്യം
= 00 ------ 732 ലൈ.സെസ്
= 37 ആകെ = 769	അടിസ്ഥാന നികുതി = 732 പ്രഥമ മേഖല
= 00 വഴി സൗകര്യം
= 146 ------ 878 ലൈ.സെസ്
= 44 ആകെ = 922	153
5	XII/582 നൗഷാദ്/ ബുഷ്റ മലൻകാവിൽ പുത്തൻ വീട (വാണിജ്യ കെട്ടിടം) വിസ്തീർണം-17 ച.മീ (50/-രൂപ നിരക്കിൽ)	കംപ്ലീഷൻ പ്ലാൻ പ്രകാരം 6.00 മീറ്റർ വീതിയുള്ള കുണ്ടയം-പത്തനാപുരം റോഡിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി = 850 പ്രഥമ മേഖല
= 00 വഴി സൗകര്യം
= 00 ------ 850 ലൈ.സെസ്
= 43 ------- ആകെ = 893	അടിസ്ഥാന നികുതി = 850 പ്രഥമ മേഖല
= 00 വഴി സൗകര്യം
= 170 ------ 1020 ലൈ.സെസ്
= 43 ------- ആകെ = 1063	170
6	XII/581 നൗഷാദ്/ ബുഷ്റ മലൻകാവിൽ പുത്തൻ വീട (പാർപ്പിട കെട്ടിടം)	കംപ്ലീഷൻ പ്ലാൻ പ്രകാരം 6.00 മീറ്റർ വീതിയുള്ള കുണ്ടയം-പത്തനാപുരം റോഡിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി = 936 പ്രഥമ മേഖല
= 00	അടിസ്ഥാന നികുതി = 936 പ്രഥമ മേഖല
= 00	196

	വിസ്തീർണം-156 ച.മീ (6/-രൂപ നിരക്കിൽ)		വഴി സൗകര്യം = 00 --- 936 ലൈ.സെസ് = 47 --- ആകെ = 983	വഴി സൗകര്യം = 187 --- 1123 ലൈ.സെസ് = 56 --- ആകെ = 1179	
7	XIV/581 സിജിൻ. എസ് പ്ലാവിള (പാർപ്പിട കെട്ടിടം) വിസ്തീർണം-257.72 ച.മീ (6/-രൂപ നിരക്കിൽ)	കംപ്ലീഷൻ പ്ലാൻ പ്രകാരം 13.6 മീറ്റർ വീതിയുള്ള ഏനാത്ത്-പത്തനാപുരം (പി. ഡബ്ല്യു ഡി) റോഡിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി = 1547 ദ്വിതീയ മേഖല = (-) 155 തറയുടെ തരം = (+) 232 വഴി സൗകര്യം = 00 --- 1624 ലൈ.സെസ് = 82 --- ആകെ = 1706	അടിസ്ഥാന നികുതി = 1547 ദ്വിതീയ മേഖല = (-) 155 തറയുടെ തരം = (+) 232 വഴി സൗകര്യം = (+) 310 --- 1934 ലൈ.സെസ് = 97 --- ആകെ = 2031	325
8	XIV/530 മാഹിൻ റഹ്മത്ത് മരുതിമൂട്ട് പുരയിടം (പാർപ്പിട കെട്ടിടം) വിസ്തീർണം-133ച.മീ (6/-രൂപ നിരക്കിൽ)	കംപ്ലീഷൻ പ്ലാൻ പ്രകാരം 5.40 മീറ്റർ വീതിയുള്ള മൂലക്കട ജം.-ചെമ്മാൻകോട് റോഡിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി = 798 ദ്വിതീയ മേഖല =(-) 79 വഴി സൗകര്യം = 00 --- 719 ലൈ.സെസ് = 36 --- ആകെ = 755	അടിസ്ഥാന നികുതി = 798 ദ്വിതീയ മേഖല = (-) 79 വഴി സൗകര്യം = 160 --- 879 ലൈ.സെസ് = 44 --- ആകെ = 923	168
9	XVI/671 രാഹുൽ ജോർജ്ജ് നൈനാൻ തെക്കേടത്ത് ബത്തേൽ (വാണിജ്യ കെട്ടിടം) വിസ്തീർണം-34.58 ച.മീ (50/-രൂപ നിരക്കിൽ)	പ്ലോട്ടിന് (സർവ്വേ നം 3060/2) കായംകുളം-പുനലൂർ സംസ്ഥാന ഹൈവേയിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി = 1729 പ്രഥമ മേഖല = 00 വഴി സൗകര്യം = 00 --- 1729 ലൈ. സെസ് = 87 --- ആകെ = 1816	അടിസ്ഥാന നികുതി = 1729 പ്രഥമ മേഖല = 00 വഴി സൗകര്യം =346 --- 2075 ലൈ. സെസ് = 104 ---	363

				ആകെ = 2179	
10	XVI/672 രാഹുൽ ജോർജ്ജ് നൈനാൻ തെക്കേടത്ത് ബഥേൽ (വാണിജ്യ കെട്ടിടം) വിസ്തീർണ്ണം-19.8 ച.മീ (50/-രൂപ നിരക്കിൽ)	പ്ലോട്ടിന് (സർവ്വേ നം 3060/2) കായംകുളം-പുനലൂർ സംസ്ഥാന ഹൈവേയിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി = 941 പ്രഥമ മേഖല = 00 വഴി സൗകര്യം = 00 --- 941 ലൈ.സെസ് = 48 --- ആകെ = 989	അടിസ്ഥാന നികുതി = 941 പ്രഥമ മേഖല = 00 വഴി സൗകര്യം = 188 --- 1129 ലൈ.സെസ് = 57 --- ആകെ = 1186	197
11	XVI/673 രാഹുൽ ജോർജ്ജ് നൈനാൻ തെക്കേടത്ത് ബഥേൽ (വാണിജ്യ കെട്ടിടം) വിസ്തീർണ്ണം-43.03 ച.മീ (50/-രൂപ നിരക്കിൽ)	പ്ലോട്ടിന് (സർവ്വേ നം 3060/2) കായംകുളം-പുനലൂർ സംസ്ഥാന ഹൈവേയിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി = 2152 പ്രഥമ മേഖല = 00 ഒന്നാം നില = (-) 107 വഴി സൗകര്യം = 00 --- 2045 ലൈ.സെസ് = 103 --- ആകെ = 2148	അടിസ്ഥാന നികുതി = 2152 പ്രഥമ മേഖല = 00 ഒന്നാം നില = (-) 107 വഴി സൗകര്യം = 430 --- 2475 ലൈ.സെസ് = 124 --- ആകെ = 2599	451
12	XVI/676 രാഹുൽ ജോർജ്ജ് നൈനാൻ തെക്കേടത്ത് ബഥേൽ (വാണിജ്യ കെട്ടിടം) വിസ്തീർണ്ണം-16.78 ച.മീ (50/-രൂപ നിരക്കിൽ)	പ്ലോട്ടിന് (സർവ്വേ നം 3060/2) കായംകുളം-പുനലൂർ സംസ്ഥാന ഹൈവേയിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി = 839 പ്രഥമ മേഖല = 00 വഴി സൗകര്യം = 00 --- 839 ലൈ.സെസ് = 42 --- ആകെ = 881	അടിസ്ഥാന നികുതി = 839 പ്രഥമ മേഖല = 00 വഴി സൗകര്യം = 168 --- 1129 ലൈ.സെസ് = 51 --- ആകെ = 1058	177
13	XVIII/774 ദിനേഷ് കുമാർ ശ്യാഗോവിന്ദം	ഓവർസ്സീയറുടെ റിപ്പോർട്ട് പ്രകാരം 8.00 മീറ്റർ റോഡിൽ നിന്നും പ്രവേശനം	അടിസ്ഥാന നികുതി = 1126 പ്രഥമ മേഖല = 00	അടിസ്ഥാന നികുതി = 1126 പ്രഥമ മേഖല = 00	236

	(പാർപ്പിട കെട്ടിടം) വിസ്തീർണ്ണം-187.59 ച.മീ (6/-രൂപ നിരക്കിൽ)		വഴി സൗകര്യം = 00 ------ 1126 ലൈ. സെസ് = 57 ------- ആകെ = 1183	വഴി സൗകര്യം = 225 ------ 1351 ലൈ.സെസ് = 68 ------- ആകെ = 1419	
	ആകെ				3233

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണയിക്കേണ്ടതാണ്.

2-8 ഷോപ്പിംഗ് കോംപ്ലക്സിലെ വാടക 192666/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു

2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് വാടക ഒടുക്കാത്ത വാടകക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	കുടിശ്ശിക വരുത്തിയ വാടകക്കാരന്റെ പേര്	റൂം നമ്പർ	പ്രതിമാസ വാടക	കാലയളവ്	കുടിശ്ശിക തുക
1	ബിജു ഡാനിയേൽ തോട്ടത്തിൽ കാലായിൽ	64	4249	2016-17	50988
2	മാനേജർ ദേശാഭിമാനി	65	496	16-17	5952
3	റീജ, റീനാ മൻസിൽ	103	552	16-17	6624
4	പ്രസിഡന്റ് പ്രസ്സ് ക്ലബ്ബ്	144	215	16-17	2580
5	നാരായണി സാലിഭവൻ	35-sp3	2376	16-17	28512
6	ഷാജി ലക്ഷ്മി നിവാസ് മഞ്ചള്ളൂർ	39 sp-7	2625	16-17	31500
7	അബ്ദുൾ കരിം ഷാനവാസ് മൻസിൽ	42 dp-2	5336	16-17	64032
8	മുഹമ്മദാലി കാക്കുംമ്മൂട്, തെക്കേതിൽ	127a	826	01/17-3/17	2478
ആകെ					192666

മേൽ വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (19/28-06-2017) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക സർവ്വീസ് ചാർജ്ജും പലിശയുമുൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ഗുണഭോക്തൃസമിതികൾ വഴി നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

2016-17 സാമ്പത്തിക വർഷം നടത്തിയിട്ടുള്ള മിക്ക മരാമത്ത് പ്രവൃത്തികളുടേയും നിർവ്വഹണം ഗുണഭോക്തൃ സമിതി വഴിയാണ് നടത്തിയിട്ടുള്ളത്. ടി പ്രവൃത്തികളിൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി സമിതി മാർഗരേഖയിലെ പല നിർദ്ദേശങ്ങളും പാലിക്കുന്നില്ല. കൂടാതെ കേരളാ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 13-ൽ ഗുണഭോക്തൃ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇവയിൽ മിക്ക നിർദ്ദേശങ്ങളും പാലിക്കുന്നില്ല. വിശദ വിവരം താഴെക്കൊടുക്കുന്നു.

എ)പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃ സമിതി ചെയർമാന്റേയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താൻ പാടുള്ളൂ. എന്നാൽ ഇപ്രകാരം ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

ബി) മസ്റ്റർ റോൾ ക്രമപ്രകാരം തയ്യാറാക്കിയിട്ടില്ല.

സി) ഗുണഭോക്തൃ സമിതിയുടെ പ്രവർത്തനം രൂപീകരണ യോഗത്തിൽ അവസാനിക്കുന്നു.

ഡി) ഗുണഭോക്തൃ സമിതിയുടെ ചെലവ് രേഖകൾ ഹാജരാക്കാതെ തന്നെ അന്തിമ ബിൽ നല്കി വരുന്നു.

ഇ) അന്തിമ ബിൽ ലഭിച്ചതിനു ശേഷം ഗുണഭോക്താക്കളുടെ യോഗം ചേർന്ന് വരവു-ചെലവു കണക്കുകൾ അവതരിപ്പിക്കണം. ആവശ്യമായ വിശദീകരണങ്ങൾ നല്കണം. കമ്മിറ്റി പിരിച്ചുവിട്ട് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കണം. ഇപ്രകാരം ചെയ്ത് വരുന്നില്ല.

സുതാര്യമായും ബിനാമി ഇടപാടുകൾക്ക് ഇടവരുത്താതെയും നിർവ്വഹണം നടത്തുന്നതിനായുള്ള സർക്കാർ നിർദ്ദേശങ്ങൾ ഗുണഭോക്തൃ സമിതിവഴി നിർവ്വഹണം നടത്തുന്ന എല്ലാ മരാമത്ത് പ്രവൃത്തികളിലും കൃത്യമായി പാലിക്കേണ്ടതാണ്.

3-2 ഉദ്ഘാടന യോഗങ്ങൾക്ക് അധികം തുക ചെലവഴിച്ചു - 42374/- രൂപ നിരാകരിക്കുന്നു.

സ.ഉ.(സാ.ധാ) നം. 3866/2015/ത.സ്വ.ഭ.വ/28-12-2015 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന യോഗങ്ങൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 25,000/- രൂപയും, അല്ലാതെയുള്ള ഉദ്ഘാടനങ്ങൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 10,000/- രൂപായും ആണ്. തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ഇപ്രകാരം തുക ചെലവഴിക്കാവുന്നതാണ്. ഈ പരിധിക്ക് അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഉത്തരവാദിയായിരിക്കും.

1) 08-12-2016ൽ നടന്ന മന്ത്രി പങ്കെടുക്കാത്ത ഹരിത കേരളം പഞ്ചായത്ത് തല ഉദ്ഘാടനത്തിന്റെ ചെലവ് വിവരം താഴെക്കൊടുക്കുന്നു.

ക്ര.നം	ഇനം	തുക (രൂപ)	ചെക്ക് നം/ തീയതി
1	ഉദ്ഘാടനം, മൈക്കെസ്സറ്റ് വാടക	3900	003564/14-12-2016
2	ഉദ്ഘാടനം,ഫ്ലെക്സ് ബോർഡ്	4800	004184/22-12-2016
3	ഉദ്ഘാടനം,പന്തൽ,സ്റ്റേജ്	9500	004185/22-12-2016
4	ഉദ്ഘാടനം,ചായ, ലഘുഭക്ഷണം	870	004186/22-12-2016
	ആകെ	19070	

ചെലവഴിക്കാവുന്നതിനേക്കാൾ 9,070/- രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

2)15-11-2016ൽ നടന്ന മന്ത്രി പങ്കെടുക്കാത്ത ശബരിമല ഇടത്താവളം ഉദ്ഘാടനത്തിന്റെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

ക്ര.നം	ഇനം	തുക (രൂപ)	ചെക്ക് നം/ തീയതി
1	ഉദ്ഘാടനം, മൈക്കെസ്സറ്റ് വാടക, അനൗൺസ് മെന്റ് ചെലവ്	19804	189178/22-11-2016
2	ഉദ്ഘാടനം, പന്തൽ, സ്റ്റേജ്	19000	189177/21-11-2016
3	ഉദ്ഘാടനം, ഫ്ലെക്സ് ബോർഡ്	4500	
	ആകെ	43304	

ചെലവഴിക്കാവുന്നതിനേക്കാൾ 33304/-രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. രണ്ട് ഉദ്ഘാടനങ്ങൾക്കുമായി അധികമായി ചെലവഴിച്ച 42374/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

3-3 പട്ടികജാതി ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണ ഭിത്തി നിർമ്മാണം നിർവ്വഹണത്തിലെ അപാകതകൾ മൂലം 2015268/രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ പട്ടികജാതിക്കാരായ ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്. എസ് സി പി ഫണ്ട് വകയിരുത്തിയ പ്രവൃത്തികളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. ഏതെല്ലാം വ്യക്തികളുടെ സ്ഥലത്താണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. വ്യക്തിഗത ആനുകൂല്യം നല്കുന്ന പ്രോജക്ടുകളിലെ ഗുണഭോക്താക്കളെ ഗ്രാമസഭ തെരെഞ്ഞെടുക്കണമെന്ന മാനദണ്ഡം പാലിച്ചിട്ടില്ല. മാത്രമല്ല 2016-17 സാമ്പത്തിക വർഷം പ്രാബല്യത്തിലുണ്ടായിരുന്ന സബ്സിഡി മാർഗരേഖയിൽ വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യാവുന്ന ഇനങ്ങളിൽ സൈഡ് വാൾ നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട് പ്രകാരം ചെലവ് ചെയ്ത തുകകളുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ക്രമ നം.	പ്രോജക്ട്	ചെലവു തുക	ബിൽനം/ തീയതി

1	കണ്ണങ്കര മണ്ണിൽ പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി(111/17)	165132	9/16-17/ 30-01-2017
2	നീലിക്കോണം പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി(171/17)	389403	47/16-17/ 29-03-2017
3	തേവലക്കര വെട്ടി അയ്യം പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി(164/17)	266310	66/16-17/ 30-03-2017
4	തോണിക്കുഴി-കിഴക്കേക്കര പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി (65/17)	269607	50/16-17/ 29-03-2017
5	ചേലക്കോട് പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി(175/17)	390132	21/16-17/ 08-03-2017
6	മാങ്കോട് പട്ടികജാതി കോളനി പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി(220/17)	534684	54,55/16-17/ 30-03-2017
	ആകെ	2015268	

3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല,13,43,000/ രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്ക് വരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

ക്ര.നം	പ്രോജക്ടിന്റെ പേര്, നം.&ഫണ്ടിനം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	തുക ഒടുക്കുവരുത്തിയിട്ടുള്ള സ്ഥാപനം	തുക	ചെക്ക്/ ബിൽനം
1	ബാബാസാഹിബ് നഗർ പട്ടികജാതി കോളനികൾക്ക് പൈപ്പ് ലൈൻ വലിച്ച് ഗാർഹിക കണക്ഷൻ നല്കൽ(237/17) (വികസന ഫണ്ട്)	അസിസ്റ്റന്റ് സെക്രട്ടറി	എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, കൊട്ടാരക്കര	168000	18/16-17/ 31-03-2017
2	സാമൂഹ്യ സുരക്ഷാ മിഷന് പഞ്ചായത്ത്	സെക്രട്ടറി	എക്സി.ഡയറക്ടർ കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ,	100000	20/16-17 20-03-2017

	വിഹിതം (07/17) (വികസന ഫണ്ട്)				
3	സ്ട്രീറ്റ് മെയിൻ വലിക്കൽ(239/17) (വികസന ഫണ്ട്)	സെക്രട്ടറി	എക്സി.എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ,പുനലൂർ	705000	23/16-17 31-03-2017
4	സമ്പൂർണ വൈദ്യുതീകരണം (217/17) (വികസന ഫണ്ട്)	സെക്രട്ടറി	എക്സി.എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ,പുനലൂർ	370000	24/16-17 31-03-2017
			ആകെ	1343000	

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ലാത്തതിനാൽ 13,43,000/-രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്കു ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-5 സ്റ്റുഡൻസ് പോലീസിന് ധനസഹായം (223/17)-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-തനതുഫണ്ടിനു പകരം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു - 50,000/ രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട്- സ്റ്റുഡൻസ് പോലീസിന് ധനസഹായം (223/17)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ തുക -50000/-രൂപ (വികസന ഫണ്ട്)

ബിൽ നമ്പർ 21/16-17/20-03-2017 പ്രകാരം 50000/- രൂപാ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ഹെഡ്മാസ്റ്റർ/സർക്കിൾ ഇൻസ്പെക്ടറുടെ സംയുക്ത അക്കൗണ്ടിലേയ്ക്ക് കൈമാറി. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

സ. ഉ. (സാ. ധാ) നം 03/2012/ത.സ്വ.ഭ.വ, തീ 02-01-2012 പ്രകാരം സ്റ്റുഡൻസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്ന സ്കൂളുകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും ഒരുവർഷം ആകെ 50000/- രൂപയിൽ കവിയാത്ത തുക കമ്മറ്റി തീരുമാനത്തിനു വിധേയമായി ചെലവഴിക്കാവുന്നതിന് യഥേഷ്ടാനുമതി നല്കിയിട്ടുള്ളതാണ്. എന്നാൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി തനത് ഫണ്ടിനു പകരം വികസന ഫണ്ടിൽ നിന്നാണ് തുക നല്കിയിട്ടുള്ളത്. ആയതിനാൽ ക്രമ വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ള 50000/-രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

3-6 ഷോപ്പിംഗ് കോപ്ലക്സ് അടിസ്ഥാന സൗകര്യ വികസനം (58/17)അപാകതകൾ മൂലം 4,95,000/-രൂപ തടസ്സപ്പെടുത്തുന്നു

ഷോപ്പിംഗ് കോപ്ലക്സ് അടിസ്ഥാന സൗകര്യ വികസനം (58/17) എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് അശോക് & അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 004700/08-03-2017 പ്രകാരം 495000/- രൂപ നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

എ) അശോക് & അസോസിയേറ്റ്സ് എന്ന സ്ഥാപനവുമായി 08-03-2017-ൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം നിർമ്മാണം നടത്തേണ്ട സ്ഥലം സന്ദർശിച്ച് സ്ഥാപനവുമായി ചർച്ച നടത്തി പഞ്ചായത്ത് drawing/designs അംഗീകരിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തുകയുടെ 0.4% തുക അശോക് & അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് നല്കേണ്ടതാണ്. അശോക് & അസോസിയേറ്റ്സ് എന്ന സ്ഥാപനം നല്കിയ drawing/designs പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ രേഖകൾ, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി)അശോക് & അസോസിയേറ്റ്സ് എന്ന സ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടങ്കൽ തുക 29,49,55,894/- രൂപയാണ്. ടിതുകയുടെ ലഭ്യത പഞ്ചായത്ത് ഉറപ്പുവരുത്തിയതിന്റെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

സി)ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് അശോക് & അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തതിന്റെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി 27-06-2017 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.11), മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ചിരിക്കുന്ന 495000/-രൂപ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-7 എസ് സി വിദ്യാർത്ഥികൾക്കു ലാപ് ടോപ്പ് നല്കൽ - പദ്ധതി നടത്തിപ്പലെ അപാകതകൾമൂലം 49898/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് – എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ (188/17)

നിർവ്വഹണ ഉദ്യോഗസ്ഥ-അസി. സെക്രട്ടറി

അടങ്കൽ തുക -503800/-രൂപ (വികസന ഫണ്ട് (എസ്.സി.പി))

ബിൽ നമ്പർ-11/16-17/31-03-2017 - 4,98,980/രൂപ

<u>പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ</u>

എ)ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ശ്രീ.രാജീവ് ആർ, ചരുവിള വീട് പത്തനാപുരം എന്ന ഗുണഭോക്താവ് AMET വൊക്കേഷണൽ കോളേജ്, കുളനട എന്ന സ്ഥാപനത്തിലെ 2 വർഷ സർട്ടിഫിക്കറ്റ് കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥിയാണ്. പോളിടെക്നിക്കൽ സ്ഥാപനത്തിൽ ഡിപ്ലോമാ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യത്തിന് അർഹത. അനർഹനായ ഗുണഭോക്താവിനായി ചെലവഴിച്ചിട്ടുള്ള 24,949/രൂപ തടസ്സപ്പെടുത്തുന്നു.

ബി)മുൻ വർഷത്തിൽ വിതരണം ചെയ്യുവാൻ അവശേഷിച്ച 1 ലാപ് ടോപ്പും, തൻവർഷം വാങ്ങിയ 20 ലാപ് ടോപ്പും ഉൾപ്പെടെ തൻവർഷം 21 ലാപ് ടോപ്പുകളാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ 20 ലാപ് ടോപ്പുകൾ മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ. വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന 1 ലാപ് ടോപ്പിന്റെ വില 24,949/-രൂപ തടസ്സപ്പെടുത്തുന്നു.

അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയതും, വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന 1 ലാപ് ടോപ്പിന്റെ വിലയും ഉൾപ്പടെ 49898/- രൂപ തടസ്സപ്പെടുത്തുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് വിതരണം നടത്തി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-8 ഗഡുക്കൾ കൈപ്പറ്റിയിട്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല,2,05,000/- രൂപ തടസ്സപ്പെടുത്തുന്നു

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെ കൊടുത്തിരിക്കുന്ന പ്രോജക്കുകളിൽ ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റി. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പദ്ധതികളുടേയും കൈപ്പറ്റിയ തുകയുടേയും വിശദ വിവരം താഴെക്കൊടുക്കുന്നു.

വീട് പുനരുദ്ധാരണം (13/17)

ക്രമ നം	ഗുണഭോക്താവ്	കൈപ്പറ്റിയ തുക	ബിൽ നമ്പർ
1	ശ്രീമതി. ശാലിനി, കളീലഴികത്തുവീട്, മഞ്ചള്ളൂർ	12500	11/16-17/ 30-03-2017
2	ശ്രീമതി.ആർ. ചന്ദ്ര, ആര്യാ ഭവൻ, പാതിരിക്കൽ	12500	11/16-17/ 30-03-2017
	ആകെ	25000	

ആശ്രയാ ഭവന നിർമ്മാണം(48/17)

ക്രമ നം	ഗുണഭോക്താവ്	കൈപ്പറ്റിയ തുക	ബിൽ നമ്പർ
1	ശ്രീമതി.ആബിദാ ബീവി, ലക്ഷംവീട് ഇടത്തറ	80000	16/16-17/30-03-2017
2	ശ്രീമതി.ഭാരതി, രാജു വിലാസം	80000	16/16-17/30-03-2017
3	ശ്രീമതി.ശാന്തമ്മ, ലേഖാ വിലാസം, മാങ്കോട്	20000	16/16-17/30-03-2017
	ആകെ	180000	

ഗഡുക്കൾ കൈപ്പറ്റിയിട്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടി ഗുണഭോക്താക്കൾക്ക് നല്കിയ 2,05,000/-രൂപ തടസ്സപ്പെടുത്തുന്നു. നിർമ്മാണം പൂർത്തീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

3-9 ഭവന പുനരുദ്ധാരണം-സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചു-25000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

11.01.2016 ലെ ജി.ഒ (എം.എസ്) 4/2016 ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് 12 വർഷമെങ്കിലും കഴിഞ്ഞവർക്കും 19.01.2017-ലെ ജി.ഒ(ആർ.ടി)161/17 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്താൽ പുതിയ വീട് നിർമ്മിച്ച് 8 വർഷമെങ്കിലും കഴിഞ്ഞവർക്കും മാത്രമേ ഭവന പുനരുദ്ധാരണ ധനസഹായത്തിന് അർഹതയുള്ളു. എന്നാൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭവന പുനരുദ്ധാരണം

പദ്ധതിയിൽ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം ആനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്തൃവിന്റെ പേര്	കൈപ്പറ്റിയ ആനുകൂല്യം	ഡി.ഡി. നം/ ചെക്ക് നമ്പർ/ ബിൽ നമ്പർ	അപാകത
1	ചന്ദ്രകല പ്രണവ് ഭവൻ ഠൗൺ സൗത്ത്	25000	28/03/2017 ലെ തനത് ഫണ്ട് ചെക്ക് നമ്പർ 005048 പ്രകാരം അനുവദിച്ച് 800000/- രൂപയിൽ നിന്നും 03/04/2017 ലെ 5181 നമ്പർ ചെക്ക് പ്രകാരം തുക ട്രാൻസ്ഫർ ചെയ്തു.	18/03/2017 ലെ എ6/2466/17 നമ്പർ ഉടമസ്ഥാവകാശ സാക്ഷ്യപത്രം പ്രകാരം (VIII/360) 4 വർഷത്തെ പഴക്കം
2	സീനത്ത് പുത്തൻ പീഠിക ഠൗൺ സൗത്ത്	25000	28/03/2017 ലെ തനത് ഫണ്ട് ചെക്ക് നമ്പർ 005048 പ്രകാരം അനുവദിച്ച് 800000/- രൂപയിൽ നിന്നും 03/04/2017 ലെ 5181 നമ്പർ ചെക്ക് പ്രകാരം തുക ട്രാൻസ്ഫർ ചെയ്തു.	ഉടമസ്ഥാവകാശ സാക്ഷ്യപത്രം ഹാജരാക്കിയില്ല
3	അസുമ ബീവി മണ്ണികണ്ടൻ ചിറ വീട്	25000	28/03/2017 ലെ തനത് ഫണ്ട് ചെക്ക് നമ്പർ 005048 പ്രകാരം അനുവദിച്ച് 800000/- രൂപയിൽ നിന്നും 03/04/2017 ലെ 5181 നമ്പർ ചെക്ക് പ്രകാരം തുക	ഗുണഭോക്താവിന്റെയോ കുടുംബാഗത്തിന്റെയോ പേരിലുള്ള ഉടമസ്ഥാവകാശ സാക്ഷ്യപത്രം ഹാജരാക്കിയില്ല

			ട്രാൻസ്ഫർ ചെയ്തു.	

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (15/27/ 06/2017) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ക്രമ നം 2, 3 ൽ പരാമർശിക്കുന്ന 50000/- രൂപ രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ക്രമ നം 1-ൽ പരാമർശിക്കുന്ന 25000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അനർഹയായ ഗുണഭോക്താവിന് വിതരണം ചെയ്ത 25000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-10 സർക്കാർ നിജപ്പെടുത്തിയിരുന്ന നിരക്കിൽ നിന്നും അധികരിച്ച് വില നൽകി -പഞ്ചായത്ത് ഫണ്ടിന് നഷ്ടം-25790/-രൂപ

പ്രൈമറി സ്കൂളുകൾക്ക് ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നതിനായി ഒരോ ഉപകരണങ്ങൾക്കും ചെലവഴിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരമാവധി വിലയിൽ നിന്നും അധികരിച്ച് തുക ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് നം. 679/2012/ത.സ്വ.ഭ.വ/06-03-12 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രൈമറി സ്കൂളുകൾക്ക് ഐ.ടി. ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സർക്കാർ അനുവദിച്ചു. ഇതു പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ NEP3/101921/2015/D.P I/21-11-2016 ആയി സ്കൂളുകൾക്ക് ഐ.ടി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാങ്ങാവുന്ന ഉപകരണങ്ങളുടെ മിനിമം സ്പെസിഫിക്കേഷനും നികുതി ഉൾപ്പെടെ നൽകാവുന്ന പരമാവധി വിലയും സർവ്വീസ് കണ്ടീഷൻസും ടി ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിരുന്നു.

എച്ച്.എം.ജി.എച്ച്.ബി.എം.ജി.എൽ.പി.എസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് നം.197/16-17-കുണ്ടയം എൽ.പി.സ്കൂളിന് സ്മാർട്ട് ക്ലാസ്സ് റും ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം സൺമൈക്രോ എന്ന സ്ഥാപനത്തിൽ നിന്നും (INVOICE NO-938/28-03-2017) ഐ.ടി. ഉപകരണങ്ങൾ വാങ്ങിയത് മേൽ സൂചിത ഉത്തരവിലെ നിരക്ക് പ്രകാരമല്ല. ഐ.ടി. ഉപകരണങ്ങൾ നൽകാവുന്ന നിരക്കും അധികമായി നൽകിയ നിരക്കിന്റേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാങ്ങിയ ഉപകരണത്തിന്റെ പേര്/എണ്ണം	നൽകേണ്ട വില (നികുതി ഉൾപ്പെടെ)	നൽകിയ വില (നികുതി ഉൾപ്പെടെ)	വ്യത്യാസം
1	ഡെസ്ക്ക് ടോപ്പ് കമ്പൂട്ടർ-1എണ്ണം	24830	38000	13170
2	മൾട്ടിമീഡിയ പ്രൊജക്ടർ-1 എണ്ണം	25630	38250	12620
			ആകെ	25790

ബിൽ നം. 5/16-17/31-03-2017 പ്രകാരം റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നം പിൻവലിച്ച 235750/-രൂപ പദ്ധതി പ്രകാരമുള്ള ഉപകരണങ്ങളുടെ വിലയായി ചെലവഴിച്ചിട്ടുണ്ട്. 21-11-2016-ലെ NEP3/10192/2015/DPI ഉത്തരവ് പ്രകാരമുള്ള നിരക്കിൽ നിന്നും അധികമായി ചെലവഴിച്ച 25790/- രൂപയുടെ ചെലവ് ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-11 ഗുണഭോക്തൃവിഹിതം ഈടാക്കിയത് ഒടുക്ക് വരുത്തിയിട്ടില്ല

തെങ്ങ് കൃഷി വികസനം എന്ന പദ്ധതി പ്രകാരം ഈടാക്കേണ്ടിയിരുന്ന ഗുണഭോക്തൃ വിഹിതം പഞ്ചായത്തിലെ അംഗീകൃത രസീത് പ്രകാരം ഈടാക്കി പഞ്ചായത്തിലെ തെങ്ങിൻതൈകൾ വിതരണം നടത്തിയ സ്ഥാപനത്തിലോ ഒടുക്ക് വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം.35/16-17 തെങ്ങ് കൃഷി വികസനം എന്ന പദ്ധതി പ്രകാരം കരുനാഗപ്പള്ളി സ്റ്റേറ്റ് സീഡ് ഫാമിൽ നിന്നും ഇൻവോയ്സ് നം.106/KLM/16-17/24-01-17 പ്രകാരം WCT തെങ്ങിൻ തൈകൾ 244 എണ്ണം 75/-രൂപ നിരക്കിലും SEGREGANT തെങ്ങിൻ തൈകൾ 50 എണ്ണം 65/-രൂപ നിരക്കിലും വാങ്ങിയതിന് ആകെ ചെലവായ തുകയുടെ(21550/-) 50% സബ്സിഡിയും ബാക്കി ഗുണഭോക്തൃ വിഹിതവുമാണ്. അംഗീകൃത പ്രോജക്ട് പ്രകാരം സബ്സിഡി തുക തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തിൽ ഒടുക്കേണ്ടതും പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിക്വസിഷൻ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ടി ഗുണഭോക്തൃവിഹിതം ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പഞ്ചായത്തിന്റെ അംഗീകൃത രസീത് പ്രകാരം ഈടാക്കി പഞ്ചായത്തിൽ ഒടുക്ക് വരുത്തുകയോ തെങ്ങിൻതൈകൾ വിതരണം നടത്തിയ കരുനാഗപ്പള്ളി സീഡ് ഫാമിൽ അടവ് വരുത്തുകയോ ചെയ്തിട്ടില്ല. മേൽ പ്രവർത്തിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകുയറിക്ക് (നം-2/17-6-17) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കി ഒടുക്ക് വരുത്തിയതിന്റെ രേകകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3-12 വിനിയോഗ വിവരമില്ല-ചെലവ് തുക 191780/-രൂപ തടസ്സപ്പെടുത്തുന്നു

തൻ വർഷം വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി വിവിധ വൗച്ചറുകൾ പ്രകാരം കെ.എസ്.ഇ.ബി പത്തനാപുരം ഇലക്ട്രിക്കൽ സെക്ഷന് തുക നൽകിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ചതിന്റെയും തുകയുടെ വിനിയോഗ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ചെലവിനം	തുക	വൗച്ചർനം/ തീയതി & ചെക്ക് നം.
1	നടുക്കുന്ന് വടക്ക് വാർഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന്	12100	21600329/27-07-16 (ചെക്ക് നം-002924)
2	മഞ്ചള്ളൂർ ആറ്റുപുത്തൂർ കോളനിയിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കു-ന്നതിന്	30357	21500564/15-10-2016 (ചെക്ക് നം-003506)
3	കുണ്ടയം വാർഡിലെ മൂന്ന് ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന്	12184	21600620/07-11-16 (ചെക്ക് നം-003524)

4	നെടുംപറമ്പ്, നടുമുരുപ്പ്, കല്ലുംകടവ്, പൂങ്കുളഞ്ഞി വാർഡുകളിലെ 11 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന്	44226	21600678/22-11-16 (ചെക്ക് നം-003547)
5	മാങ്കോട്,ചിതൽവെട്ടി സ്ഥലങ്ങളിലെ 3ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന്	14553	21600744/20-12-2016 (ചെക്ക് നം-003569)
6	നടുക്കുന്ന് നോർത്ത് വാർഡിലെ 1 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന്	8997	21600816/05-01-2017 (ചെക്ക് നം-004201)
7	മാർക്കറ്റിലെ 1 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന്	28684	21600936/18-02-2017 (ചെക്ക് നം-304680)
8	ഠൗൺ സൗത്ത് ,മാർക്കറ്റ്,കാരംമൂട്, മഞ്ചള്ളൂർ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന്	28300	21900937/18-02-2017 (ചെക്ക് നം-304680)
9	ചിതൽവെട്ടി,വാഴത്തോട്ടം വാർഡുകളിലെ 2 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന്	12379	216001002/08-03-2017 (ചെക്ക് നം-4701)
ആകെ		191780	

മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച 191780/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-13 പാലിന് സബ്സിഡി നൽകിയത് ഏകീകൃത നിരക്കിലല്ല-ചെലവ് തുക 100000/-രൂപ തടസ്സപ്പെടുത്തുന്നു

ജി.ഒ(ആർ.ടി)397/2017/ത.സ്വ.ഭ.വ/13-02-2017 പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4/-രൂപ മാത്രമേ നൽകുന്നുള്ളു എന്ന് ഉറപ്പ് വരുത്തേണ്ടത് ഡയറി ഫാം ഇൻസ്ട്രക്ടറുടെ ചുമതലയാണ്. ഒരു കർഷകന് കൊടുക്കാവുന്ന പരമാവധി തുക(തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം) 20000/-രൂപയിൽ കവിയുന്നില്ല എന്നതും ഡയറി ഫാം ഇൻസ്ട്രക്ടർ ഉറപ്പാക്കണം. ഗ്രാമപഞ്ചായത്തിൽ പാലിന് സബ്സിഡി നൽകൽ (പ്രോജക്ട് നം-88/16-17) എന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്ററിനറി സർജൻ ആണ്. വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 100000/-രൂപയും തനത് ഫണ്ടിൽ നിന്നും 100000/-രൂപയും വകയിരുത്തിയ മേൽ പദ്ധതിക്കായി വികസന ഫണ്ട് മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് (ബിൽ നം-08/16-17/31-03-17). മഞ്ചള്ളൂർ ക്ഷീരോല്പാദക സംഘം, മാങ്കോട് ക്ഷീരോല്പാദക സംഘം എന്നീ സംഘങ്ങളിൽ പാൽ അളക്കുന്ന 43 ക്ഷീര കർഷകർക്ക് അവരുടെ പാൽ അളവിന്

സബ്സിഡി നൽകിയിരിക്കുന്നതിൽ, പദ്ധതിയുടെ നിർവ്വഹണത്തിലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെയാണ് ഒരു ലിറ്റർ പാലിന് 4/-രൂപ നിരക്കിൽ സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ ഡിപ്പാർട്ട്മെന്റിൽ നിന്നും കർഷകന് ആനുകൂല്യം ലഭ്യമായതു സംബന്ധിച്ച ഒരു വിവരങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)കർഷകർ ക്ഷീര സംഘങ്ങളിൽ പാൽ അളന്നതിന് സബ്സിഡി നൽകിയിരിക്കുന്നത് ഏകീകൃത നിരക്കിലല്ല. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കർഷകന്റെ പേര്	പാലളവ് (ലിറ്ററിൽ)	നൽകിയ സബ്സിഡി (രൂപ)
1	വിജയമ്മ, പുളിമ്മൂട്ടിൽ കിഴക്കേതിൽ, കുണ്ടയം	969.4	1000
2	രതിരതീശൻ, ലക്ഷ്മി നിവാസ്, മഞ്ചള്ളൂർ	1768.8	2000
3	യശോധരൻ, തടത്തിൽവീട്, കുണ്ടയം	1090	2000
4	രാധ.ആർ ആറ്റപുത്തൂർ കിഴക്കേക്കര, കുണ്ടയം	1296.4	2000
5	ഗംഗാധരൻ, മുതിരകാലായിൽ, കുണ്ടയം	386.8	1000

പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയ സബ്സിഡിയുടെ നിരക്ക്, ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്നും മേൽ സൂചിത പദ്ധതിയുടെ ഗുണഭോക്താക്കൾ സബ്സിഡി തുക കൈപ്പറ്റിയതിന്റെ വിവരം എന്നിവ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക്(നം-8/22-06-17) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 100000/-രൂപയുടെ ചെലവ് മേൽ കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-14 പഞ്ചായത്തിന്റെ രേഖകളിലുൾപ്പെടാത്ത വാട്ടർ ടാപ്പിന് ചാർജ്ജ് ചെയ്തിരിക്കുന്നു

കേരള വാട്ടർ അതോറിട്ടിയുടെ പ്രതിമാസ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 34 എണ്ണം വാട്ടർ ടാപ്പുകൾക്ക് പ്രതിവർഷം 5250/-രൂപ നിരക്കിൽ 14875/-രൂപയാണ് പ്രതിമാസം ഒടുക്കേണ്ടിയിരിക്കുന്നത്. എന്നാൽ 32 എണ്ണം ടാപ്പുകളുടെ ചാർജ്ജായി 14000/-രൂപയാണ് പഞ്ചായത്ത് പ്രതിമാസം ഒടുക്കിയിരിക്കുന്നത്. ആയതിനാൽ പ്രതിമാസം തോറും 2 എണ്ണം ടാപ്പുകളുടെ ചാർജ് കുടിശ്ശികയായി പിഴപ്പലിശ ഉൾപ്പെടെ വാട്ടർ അതോറിട്ടി ഡിമാന്റ് ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാസം	വാട്ടർ അതോറിട്ടി ബിൽ പ്രകാരമുള്ള മുൻബാക്കി	ഫൈൻ തുക	വാട്ടർ അതോറിട്ടിയുടെ ഡിമാന്റ് തുക	ആകെ	ഒടുക്ക് വിവരം	വാട്ടർ അതോറിട്ടിയുടെ കണക്കുകൾ പ്രകാരം ഒടുക്കുവാൻ

						ബാക്കിയുള്ള തുക
04/2016	9416	180	14875	24471	14000	10471
05/2016	10471	206	14875	25552	14000	11552
06/2016	11552	227	14875	26654	14000	12654
07/2016	12654	249	14875	27778	14000	13778
08/2016	13778	271	14875	28924	14000	14924
09/2016	14924	293	14875	30092	14000	16092
10/2016	16092	316	14875	31283	14000	17283
11/2016	17283	339	14875	32497	14000	18497
12/2016	18497	363	14875	33735	14000	19735
01/17	19735	387	14875	34997	14000	20997
02/2017	20997	412	14875	36284	ഒടുക്കിയില്ല	36284

കേരള വാട്ടർ അതോറിട്ടിയും ഗ്രാമ പഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻകൗയറി നം-10/22-06-2017) വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം ക്രമീകരിച്ച് വാട്ടർ ചാർജ്ജ് ഇനത്തിൽ ഉപയോഗത്തിന് അനുസരിച്ച് തുക അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3-15 മഴക്കാല പൂർവ്വ ശുചീകരണം ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - ചെലവ് തുക 180000/-രൂപ തടസ്സപ്പെടുത്തുന്നു

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 190000/-രൂപ പഞ്ചായത്തിലെ വാർഡുതല സാനിട്ടേഷൻ കമ്മിറ്റി ചെയർമാൻ/ കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിൽ താഴെ സൂചിപ്പിക്കുന്ന 18 വാർഡുകളിൽ 10000/-രൂപ വീതം നൽകിയിട്ടുണ്ടെങ്കിലും തുകകളുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നം/ പേര്	വൗച്ചർ നം/ ചെക്ക് നം	തുക കൈപ്പറ്റിയ ആളിന്റെ വിവരം
I ഇടത്തറ	21600084/04-05-2016 (ചെക്കും– 2680/04-05-2016)	റോസമ്മ ജോർജ്ജ് JPHN
II നടുമുരുപ്പ്	21600085/04-05-2016 (ചെക്കും-2681/04-05-2016)	റോസമ്മ ജോർജ്ജ് JPHN
III വാഴപ്പാറ	21600086/04-05-2016 (ചെക്ക് നം-2682/04-05-2016)	മെഡിക്കൽ ഓഫീസർ മാങ്കോട് പി.എച്ച്.സി.
IV ചിതൽവെട്ടി	21600087/04-05-2016 (ചെക്ക് നം-2683/04-05-2016)	മെഡിക്കൽ ഓഫീസർ മാങ്കോട് പി.എച്ച്.സി.
V മാങ്കോട്	21600088/04-05-2016 (ചെക്ക് നം-2684/04-05-2016)	മെഡിക്കൽ ഓഫീസർ മാങ്കോട് പി.എച്ച്.സി.
VI പൂങ്കുളഞ്ഞി	21600089/04-05-2016 (ചെക്ക് നം-2685/04-05-2016)	മെഡിക്കൽ ഓഫീസർ മാങ്കോട് പി.എച്ച്.സി.
VII നെടുംപറമ്പ്	21600090/04-05-2016 (ചെക്ക് നം-2686/04-05-2016)	കൃഷ്ണരാജൻ ജെ.പി.എച്ച്.എൻ
IX നടുക്കുന്ന്	21600091/04-05-2016 (ചെക്ക് നം-2687/04-05-2016)	റോസമ്മ ജോർജ്ജ് JPHN
X ഠൗൺ സൗത്ത്	21600092/04-05-2016 (ചെക്ക് നം-2688/04-05-2016)	നാരായണി ജെ.പി.എച്ച്.എൻ
XI മഞ്ചള്ളൂർ	21600093/04-05-2016 (ചെക്ക് നം-2689/04-05-2016)	പൗർണ്ണമി.ജെ.ദാസ്
XII കാരംമ്മൂട്	21600094/04-05-2016 (ചെക്ക് നം-2690/04-05-2016)	ഷാനിമാ ജെ.പി.എച്ച്.എൻ
XIII	21600095/04-05-2016	സീബാ.എസ്

മൂലക്കടവ്	(ചെക്ക് നം-2691/04-05-2016)	ജെ.പി.എച്ച്.എൻ
XIV കുണ്ടയം	21600096/04-05-2016 (ചെക്ക് നം-2692/04-05-2016)	ഷാനിമാ ജെ.പി.എച്ച്.എൻ
XV മാർക്കറ്റ് വാർഡ്	21600097/04-05-2016 (ചെക്ക് നം-2693/04-05-2016)	സുധ.റ്റി.കെ ജെ.പി.എച്ച്.എൻ
XVI കല്ലുംകടവ്	21600098/04-05-2016 (ചെക്ക് നം-2694/04-05-2016)	സജി ജേക്കബ് ജെ.പി.എച്ച്.എൻ
XVII ഠൗൺ സൗത്ത്	21600099/04-05-2016 (ചെക്ക് നം-2695/04-05-2016)	നാരായണി ജെ.പി.എച്ച്.എൻ
XVIII ഠൗൺ വാർഡ്	21600100/04-05-2016 (ചെക്ക് നം-2696/04-05-2016)	സുധ.റ്റി.കെ ജെ.പി.എച്ച്.എൻ
XIX പാതിരിക്കൽ വാർഡ്	21600101/04-05-2016 (ചെക്ക് നം-2697/04-05-2016)	കൃഷ്ണരാജൻ ജെ.പി.എച്ച്.എൻ

വാർഡ് VII-ൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച വാർഡുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാൻ ഓഡിറ്റ് എൻകൗയറി നം.10/22-06-2017 പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച 180000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-16 ശമ്പള കുടിശ്ശികയിനത്തിൽ അധികം തുക നൽകി- 8466/-രൂപ അധിക ചെലവ്

മുൻകാല മിലിട്ടറി സർവ്വീസ് ഉള്ള ജീവനക്കാർക്ക് എൻട്രി കേഡറിൽ ആദ്യ സമയ ബന്ധിത ഹയർ ഗ്രേഡ് നൽകാമെന്നുള്ള -408/15/ഫിൻ/04-09-2015- നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തിലെ സീനിയർ ക്ലർക്കായ ശ്രീ.വിജയൻപിള്ളയ്ക്ക് ഹയർ ഗ്രേഡ് അനുവദിച്ച് ടിയാൻ പഞ്ചായത്ത് സർവ്വീസിൽ പ്രവേശിച്ച 05-11-2004 മുതൽ ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. 05-11-2006-ൽ 6680-10790 എന്ന ശമ്പള സ്കെയിലിൽ ശമ്പളം നിർണ്ണയിച്ചപ്പോൾ ശമ്പള സ്കെയിലിലെ ആദ്യ ഘട്ടമായ 6680/-രൂപയ്ക്ക് പകരം 6840/-രൂപയാണ് അനുവദിച്ച് നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മാസം/ വർഷം	അർഹതപ്പെട്ടത്		ആകെ	അനുവദിച്ച തുക		ആകെ	ബാക്കി		ആകെ
	അടിസ്ഥാന ശംപളം	ഡി.എ		അടിസ്ഥാന ശംപളം	ഡി.എ		അടിസ്ഥാന ശംപളം	ഡി.എ	
05-11-2006	5789	1158	6947	6561	1312	7873	-772	-154	-926
12/2006	6680	1336	8016	6840	1368	8208	-160	-32	-192

01/2007	6680	1737	8417	6840	1778	8618	-160	-41	-201
02/2007	6680	1737	8417	6840	1778	8618	-160	-41	-201
3/2007	6680	1737	8417	6840	1778	8618	-160	-41	-201
4/2007	6680	1737	8417	6840	1778	8618	-160	-41	-201
5/2007	6680	1737	8417	6840	1778	8618	-160	-41	-201
6/2007	6680	1737	8417	6840	1778	8618	-160	-41	-201
ELS	6680	1737	8417	6840	1778	8618	-160	-41	-201
7/2007	6680	2138	8818	6840	2189	9029	-160	-51	-211
8/2007	6680	2138	8818	6840	2189	9029	-160	-51	-211
09/2007	6680	2138	8818	6840	2189	9029	-160	-51	-211
10/2007	6680	2138	8818	6840	2189	9029	-160	-51	-211
11/2007	6840	2189	9029	7000	2240	9240	-160	-51	-211
12/2007	6840	2189	9029	7000	2240	9240	-160	-51	-211
01/2008	6840	2599	9439	7000	2660	9660	-160	-61	-221
02/2008	6840	2599	9439	7000	2660	9660	-160	-61	-221
03/2008	6840	2599	9439	7000	2660	9660	-160	-61	-221
04/2008	6840	2599	9439	7000	2660	9660	-160	-61	-221
ELS	6840	2599	9439	7000	2660	9660	-160	-61	-221
05/2008	6840	2599	9439	7000	2660	9660	-160	-61	-221
06/2008	6840	2599	9439	7000	2660	9660	-160	-61	-221
07/2008	6840	3078	9918	7000	3150	10150	-160	-72	-232
08/2008	6840	3078	9918	7000	3150	10150	-160	-72	-232
09/2008	6840	3078	9918	7000	3150	10150	-160	-72	-232
10/2008	6840	3078	9918	7000	3150	10150	-160	-72	-232
11/2008	7000	3150	10150	7160	3222	10382	-160	-72	-232
12/2008	7000	3150	10150	7160	3222	10382	-160	-72	-232
01/2009	7000	3850	10850	7160	3938	11098	-160	-88	-248
02/2009	7000	3850	10850	7160	3938	11098	-160	-88	-248
03/2009	7000	3850	10850	7160	3938	11098	-160	-88	-248
04/2009	7000	3850	10850	7160	3938	11098	-160	-88	-248
ELS	7000	3850	10850	7160	3938	11098	-160	-88	-248
05/2009	7000	3850	10850	7160	3938	11098	-160	-88	-248
06/2009	7000	3850	10850	7160	3938	11098	-160	-88	-248
	237869	91338	329207	244081	93592	337673	-6212	-2254	-8466

05-11-2006-ൽ 6680-10790 രൂപ ശമ്പള സ്കെയിലിൽ, ശമ്പളം 6840/-എന്ന് തെറ്റായി നിർണ്ണയിച്ചത് പരിഹരിക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 26-03-2017-ലെ കെ.എസ്.എ/കെ.എൽ.എം-പെൻ-597/17 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുമുണ്ട്. ആയതിനാൽ ശമ്പള നിർണ്ണയത്തിലെ അപാകത മൂലം അധികമായി പിൻവലിച്ച 8466/-രൂപ (വൗച്ചർ നം. 21600244/20-06-2016) ജീവനക്കാരനിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-17 സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിട്ടറി നാപ്കിൻ എന്ന പദ്ധതി നാളിതു വരെ നടപ്പിലാക്കിയിട്ടില്ല - ചെലവ് തുക 63000/-രൂപ തടസ്സപ്പെടുത്തുന്നു.

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിട്ടറി നാപ്കിൻ എന്ന പദ്ധതി നാളിതു വരെ നടപ്പിലാക്കിയിട്ടില്ല.
ജി.ഒ(എം.എസ്)280/16/ത.സ്വ.ഭ.വ/25-01-2016 ഉത്തരവ് പ്രകാരം 6 മുതൽ 12 വരെയുള്ള

ക്ലാസ്സുകളിലെ കുട്ടികൾക്ക് സാനിട്ടറി നാപ്കിൻ വിതരണം നടത്തുക എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി വനിതാ വികസന കോർപ്പറേഷന് ആകെ പദ്ധതി തുകയുടെ 50% ഫണ്ട് നൽകാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ, വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും ആകെ വകയിരുത്തിയിരുന്ന 125434/-രൂപയിൽ നിന്നും 63000/-രൂപ ബിൽ നം. 3/16-17/03-03-17 പ്രകാരം പിൻവലിച്ച് ഇടത്തറ ഹൈസ്കൂളിലെ പെൺകുട്ടികൾക്കായി വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സാനിട്ടറി പാഡ് (2000എണ്ണം), ഇൻസിനേറ്റർ, അലമാര എന്നിവയാണ് പ്രോജക്ടിലൂടെ ലഭ്യമാകുന്ന ഇനങ്ങൾ. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്ന പ്രകാരമുള്ള തുക ഒടുക്ക് വരുത്തിയിട്ടും നാളിതു പദ്ധതി ആരംഭിക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-7/22-06-2017) ടി സംഗതിയിന്മേൽ വനിതാ വികസന കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയ മറുപടി പരിശോധനയ്ക്ക് ലഭ്യമാക്കി. "പരമാവധി കുറഞ്ഞ വിലയ്ക്ക് ഉന്നത ഗുണനിലവാരമുള്ള സാധന സാമഗ്രികൾ വിതരണം നടത്തുന്നതിനായി നിർവ്വഹണ ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ടെന്നും എന്നാൽ പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിയ ഏജൻസി നൽകിയ റിട്ടിന്മേൽ ബഹു. ഹൈക്കോടതി കോർപ്പറേഷന് നൽകിയ ചില നിർദ്ദേശങ്ങൾക്കനുസൃതമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിലേക്ക് ഏതാനം ആഴ്ചകളുടെ സമയം ആവശ്യമായി വരുമെന്നതിനാൽ പദ്ധതി നടത്തിപ്പിന് കാലതാമസം വരുമെന്ന്" 07/03//17-ലെ KSWDC/PO2/She-Pad/LSGD/15-16 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിക്കായി വിനിയോഗിച്ച 63000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

3-18 മരുന്ന് വിതരണത്തിനായി തുക മുൻകൂറായി ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക 575000/-രൂപ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ പ്രകാരം മരുന്ന് വിതരണത്തിനായി തുകകൾ പിൻവലിച്ച് കേരള സംസ്ഥാന ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ/പേര്	ഫണ്ടിനം/തുക	ബിൽ നം./ തീയതി
15/16-17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) 500000/-രൂപ	5/16-17/06-03-2017
127/16-17 തൈറോയ്ഡ്-ഡയബറ്റിക്സ് സ്പെഷ്യൽ ക്ലിനിക്ക്	വികസനഫണ്ട് (ജനറൽ) 75000/-രൂപ	8/16-17/13-03-17

നാളിതു വരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആകെ ചെലവഴിച്ച 575000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2016-17	209825	മാനസിക വൈകല്യമുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	149700	60125
ബ്ലോക്ക് പഞ്ചായത്ത്	2016-17	209825	മാനസിക വൈകല്യമുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	149700	60125
ബ്ലോക്ക് പഞ്ചായത്ത്	2016-17	100000	മാനസിക വൈകല്യമുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (സ്പിൽ ഓവർ)	100000	0

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	1954875
തൻ വർഷം നിക്ഷേപിച്ച തുക (06/16ൽ നിക്ഷേപം പുതുക്കിയപ്പോൾ ലഭിച്ച പലിശ)	185713
ആകെ	2140588
തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	2140588

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

നിക്ഷേപത്തിന്റെ വിവരം	തുക
FD A/C-3500	1393651
FD A/C-2258	122787
FD A/C-66198	624150

ആകെ	2140588

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ/ തീയതി
2013-14& 2014-15	2-7	200	ബീബി ഉമ്മ	11601100232/06-04-2016
2013-14& 2014-15	2-7	100	രഘുനാഥൻ പിള്ള	11601100381/11-04-2016
2013-14& 2014-15	2-2	250	എം.ജി.കൊച്ച്കുഞ്ഞ്	11601101330/20-05-2016
2013-14& 2014-15	2-7	2000	മാനേജർ ബിവറേജസ് കോർപ്പറേഷൻ	11601100411/11-04-2016
2013-14& 2014-15	2-7	50	ഷണ്മുഖൻ	11601100428/12-04-2016
2013-14& 2014-15	2-7	50	അബ്ദുൾഖാദർ	11601100482/12-04-2016
2013-14& 2014-15	2-7	100	കുര്യാക്കോസ് കോശി	11601100733/21-04-2016
2013-14& 2014-15	3-12	16370	ബീനാ നാരായണൻ അസിസ്റ്റന്റ് എഞ്ചിനീയർ	11601103257/12-08-2016
2013-14& 2014-15	3-10	2761	ബീനാ നാരായണൻ അസിസ്റ്റന്റ് എഞ്ചിനീയർ	11601103258/12-08-2016
2013-14& 2014-15	3-14	1226	ബീനാ നാരായണൻ അസിസ്റ്റന്റ് എഞ്ചിനീയർ	11601103337/18-08-2016
2013-14& 2014-15	3-7	2700	അജിതാ രവീന്ദ്രൻ NRHM ഹോമിയോ അറ്റൻഡർ	11601107985/15-02-2017

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

എ) <u>സംക്ഷിപ്ത വിവരം</u>

ഓഡിറ്റ് വർഷത്തെ ആകെ വരവ്	76158049
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	66202096
വരവിനങ്ങളിലുള്ള നഷ്ടം	820170
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	93164
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	5317946

(ബി) **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-2	47128		സുരേഷ്കുമാർ.എസ്, സെക്രട്ടറി
	47117		നജിം മുഹമ്മദ്.എച്ച്, പ്രസിഡന്റ്
	47117		ജെ.നിഷ, വൈസ് പ്രസിഡന്റ്
	47117		അജിതാ ബീഗം, മെമ്പർ
	47117		നജിമുന്നിസ.എസ്സ്, മെമ്പർ
	47117		അന്നമ്മ എബ്രഹാം, മെമ്പർ
	47117		നസീമ ഷാജഹാൻ, മെമ്പർ
	47117		രാജിഫ, മെമ്പർ
	47117		രത്നമ്മ.എസ്സ്, മെമ്പർ
	47117		കെ.സി.മണി, മെമ്പർ
	47117		ഷീജാ ചന്ദ്രബാബു, മെമ്പർ
	47117		എം.ഹുസൈൻ, മെമ്പർ
	47117		എസ്.അനിൽകുമാർ, മെമ്പർ
	47117		ഒ.സൈനുലാബ് ദ്ദീൻ, മെമ്പർ
	47117		കെ.പി.രാജു, മെമ്പർ
	47117		ബൽക്കീസ് ബീഗം, മെമ്പർ
	47117		ഷാബില ഷാജഹാൻ, മെമ്പർ

2-4(2)	18619		ശ്രീ.എം.വിജയൻ, സെക്രട്ടറി
2-6	551		ശ്രീ ബൽജിത് ജീവൻ, സെക്രട്ടറി(217/-)
			ശ്രീ.എം.വിജയൻ,സെക്രട്ടറി (334/-)
3-2		42374	ശ്രീ ബൽജിത് ജീവൻ,സെക്രട്ടറി
3-9		25000	ശ്രീ.സന്തോഷ് ജോസഫ്, വി.ഇ.ഒ
3-10		25790	ശ്രീമതി.ജെ.ജെസ്സിയമ്മ ഹെഡ് മിസ്ട്രസ്സ്

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-2	47128		സുരേഷ്കുമാർ.എസ്, സെക്രട്ടറി
	47117		നജിം മുഹമ്മദ്.എച്ച്, പ്രസിഡന്റ്
	47117		ജെ.നിഷ, വൈസ് പ്രസിഡന്റ്
	47117		അജിതാ ബീഗം, മെമ്പർ
	47117		നജിമുന്നിസ.എസ്സ്, മെമ്പർ
	47117		അന്നമ്മ എബ്രഹാം, മെമ്പർ
	47117		നസീമ ഷാജഹാൻ, മെമ്പർ
	47117		രാജിഫ, മെമ്പർ
	47117		രത്നമ്മ.എസ്സ്, മെമ്പർ
	47117		കെ.സി.മണി, മെമ്പർ
	47117		ഷീജാ ചന്ദ്രബാബു, മെമ്പർ
	47117		എം.ഹുസൈൻ, മെമ്പർ
	47117		എസ്.അനിൽകുമാർ, മെമ്പർ
	47117		ഒ.സൈനുലാബ് ദ്ദീൻ, മെമ്പർ
	47117		കെ.പി.രാജു, മെമ്പർ
	47117		ബൽക്കീസ് ബീഗം, മെമ്പർ
	47117		ഷാബില ഷാജഹാൻ, മെമ്പർ

2-4(2)	18619		ശ്രീ.എം.വിജയൻ, സെക്രട്ടറി
2-6	551		ശ്രീ ബൽജിത് ജീവൻ, സെക്രട്ടറി(217/-)
			ശ്രീ.എം.വിജയൻ,സെക്രട്ടറി (334/-)
3-2		42374	ശ്രീ ബൽജിത് ജീവൻ,സെക്രട്ടറി
3-9		25000	ശ്രീ.സന്തോഷ് ജോസഫ്, വി.ഇ.ഒ
3-10		25790	ശ്രീമതി.ജെ.ജെസ്സിയമ്മ ഹെഡ് മിസ്ട്രസ്സ്

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-3	2015268	ശ്രീമതി.രശ്മി.പി.നായർ, അസിസ്റ്റന്റ് എഞ്ചിനീയർ
3-4	1343000	ശ്രീ.എം.വിജയൻ, സെക്രട്ടറി - (1175000/-)
		ശ്രീമതി.കെ.ജി.ലീനാകുമാരി അസിസ്റ്റന്റ് സെക്രട്ടറി- (168000/-)
3-5	50000	ശ്രീ.എം.വിജയൻ, സെക്രട്ടറി
3-6	495000	ശ്രീ.എം.വിജയൻ, സെക്രട്ടറി
3-7	49898	ശ്രീമതി.കെ.ജി.ലീനാകുമാരി, അസിസ്റ്റന്റ് സെക്രട്ടറി
3-8	205000	ശ്രീമതി.കെ.ജി.ലീനാകുമാരി, അസിസ്റ്റന്റ് സെക്രട്ടറി
3-9	50000	ശ്രീ.സന്തോഷ് ജോസഫ്, വി.ഇ.ഒ
3-12	191780	ശ്രീമതി.കെ.ജി.ലീനാകുമാരി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല) - (912100/-) ശ്രീ.ബൽജിത് ജീവൻ, സെക്രട്ടറി -(110317/-) ശ്രീ.എം.വിജയൻ, സെക്രട്ടറി -(69363/-)
3-13	100000	ഡോ.ഉമ്മൻ.പി.രാജ്, വെറ്ററിനറി സർജൻ
3-15	180000	ശ്രീമതി.കെ.ജി.ലീനാകുമാരി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല)
3-17	63000	ശ്രീമതി.ജെ.ജെസ്സിയമ്മ, ഹെഡ് മിസ്ട്രസ്സ്

3-18	575000	ഡോ.അബ്ദുൾ മസാനി, മെഡിക്കൽ ഓഫീസർ(ഹോമിയോ)

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
നജിം മുഹമ്മദ്.എച്ച് പ്രസിഡന്റ്	പ്രസിഡന്റ് പത്തനാപുരം ഗ്രാമപഞ്ചായത്ത്	നജീബിയാ ബിൽഡിംഗ് പത്തനാപുരം
ജെ.നിഷ വൈസ് പ്രസിഡന്റ്	വൈസ് പ്രസിഡന്റ് പത്തനാപുരം ഗ്രാമ പഞ്ചായത്ത്	മുള്ളുർ തെക്കേക്കര വാഴപ്പാറകോളനി മാങ്കോട്.പി.ഒ
അജിതാ ബീഗം മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	കുന്നുവിള തെക്കേതിൽ കുണ്ടയം.പി.ഒ
നജിമുന്നിഷ.എസ്സ് മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	മണ്ണായിക്കോണം വടക്കേക്കര നടുമുരുപ്പ്
അന്നമ്മ എബ്രഹാം മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	വടക്കോട്ടായിൽ പത്തനാപുരം
നസീമ ഷാജഹാൻ മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	പാലക്കുളത്ത് വീട് മാങ്കോട്
റാജിഫ മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	ചിക്കു മൻസിൽ പാതിരിക്കൽ വീട് പത്തനാപുരം
രത്നമ്മ.എസ്സ് മെമ്പർ	മെമ്പർ	രാജേന്ദ്ര വിലാസം കുണ്ടയം.പി.ഒ

	പത്തനാപുരം ഗ്രാമ പഞ്ചായത്ത്	
കെ.സി.മണി മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	കണ്ണങ്കരമണ്ണിൽ വീട് കല്ലുംകടവ്
ഷീജാ ചന്ദ്രബാബു മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	ഷീജാ ഭവനം മുള്ളൂർ നിരപ്പ് മാങ്കോട്
എം.ഹുസൈൻ മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	ചരിവിലഴികത്ത് വീട് കുണ്ടയം
എസ്.അനിൽകുമാർ മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	പടിഞ്ഞാറ്റിൻക്കര വീട്, മഞ്ചള്ളൂർ പത്തനാപുരം
ഒ.സൈനുലാബ് ദ്ദീൻ മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	ഈട്ടിവിള കിഴക്കേതിൽ ഇടത്തറ കലഞ്ഞൂർ.പി.ഒ
കെ.പി.രാജു മെമ്പർ	മെമ്പർ, പത്തനാപുരം ഗ്രാമ പഞ്ചായത്ത്	കിഴക്കേക്കര വീട് മാങ്കോട്
ബൽക്കീസ് ബീഗം മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	അർഷാ മൻസിൽ നടുക്കുന്ന് സൗത്ത് ചേലക്കോട്
ഷൗബില ഷാജഹാൻ മെമ്പർ	മെമ്പർ പത്തനാപുരം ഗ്രാമ പഞ്ചായത്ത്	ഈട്ടിവിള വടക്കേതിൽ പത്തനാപുരം
ശ്രീ.എം.വിജയൻ, സെക്രട്ടറി	സെക്രട്ടറി, പത്തനാപുരം	മണത്തറ വീട് പടപ്പക്കര.പി.ഒ കുണ്ടറ
ശ്രീ ബൽജിത് ജീവൻ, സെക്രട്ടറി	സെക്രട്ടറി, ചിതറ ഗ്രാമ പഞ്ചായത്ത്	ദേവീപ്രസാദം കൊടുവഴന്നൂർ.പി.ഒ പുളിമാത്ത്
ശ്രീ.സന്തോഷ് ജോസഫ് വി.ഇ.ഒ	വി.ഇ.ഒ, പത്തനാപുരം ഗ്രാമ പഞ്ചായത്ത്	മുകളുവിളയിൽ നെല്ലിമുകൾ.പി.ഒ
ശ്രീമതി.ജെ.ജെസ്സിയമ്മ	ഹെഡ്മിസ്ട്രസ്സ്	ആന്റണി മംഗലം

ഹെഡ് മിസ്ട്രസ്സ്	എച്ച്.ബി.എം.ജി.എൽ.പി.എസ്സ്	ശാസ്താംകോട്ട
ശ്രീ.സുരേഷ് കുമാർ സെക്രട്ടറി	വിരമിച്ചു	ചെല്ലമ്മ ഭവൻ കോക്കല നെടുംപറമ്പ്.പി.ഒ ആറ്റിങ്ങൽ

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1982-83	എൽ.എഫ്.ക്യു.പി-3/312/96
1996-97	എൽ.എഫ്.ക്യു.പി-4/1522/97/21-11-98
1997-98	എൽ.എഫ്.ക്യു.പി4/876/99/13-06-2000
1998-99	എൽ.എഫ്.ക്യു.പി8/947/25-01-2003
1999-2000	എൽ.എഫ്.ക്യു.പി5/672/04/15-02-2005
2000-01& 2001-02	എൽ.എഫ്.ക്യു.പി-871/04/15-05-2005
2002-03	എൽ.എഫ്.ക്യു.പി -1183/ബി/05/31-10-2006
2003-04	എൽ.എഫ്.ക്യു.പി6/922/08/22-10-2008
2004-05	എൽ.എഫ്.ക്യു.പി-921/08/22-10-2008
2005-06	എൽ.എഫ്.ക്യു.പി1-809/09/18-03-2010
2006-07	എൽ.എഫ്.ക്യു.പി1-810/09/18-03-2010
2007-08	എൽ.എഫ്.ക്യു.പി-1063/10/28-02-2011
2008-09	എൽ.എഫ്.ക്യു.പി-1064/10/28-02-2011

2009-10	എൽ.എഫ്.ക്യു.പി/1076/2012/06-09-2012
2010-11	എൽ.എഫ്.ക്യു.പി -667/13/22-06-2013
2011-12& 2012-13	എൽ.എഫ്.ക്യു.പി6/2422/13/04-04-2014
2013-14 & 2014-15	കെ.എസ്.എ-കെ.എൽ.എം-പി6/419/16/18-03-16
2015-16	കെ.എസ്.എ-കെ.എൽ.എം-പി-6/261/17/14-02-17

ഡെപ്യൂട്ടി ഡയറക്ടർ

4-10 സാക്ഷ്യപത്രം
കെ.എസ്.എ. കെ.എൽ.എം – പി-11-1253 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in

തീയതി – 06/07/2017

സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.